marggam DIGITAL PUBLISHING

www.marggam.org

✠

ഈശോ. മ. യൗ.

# മലയാളത്തിലെ ക. നി. മൂ.

# സഭയുടെ

# സ്ഥാപക

# പിതാക്കന്മാർ.

പ്രസ്തുത സഭയുടെ സ്വർണ്ണജൂബിലി സ്മാരകം.

Permissu

Superiorum.

PRINTED AT ST. JOSEPH'S PRESS,

MANNANAM,

1905.

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
DIGITAL PUBLISHING
www.marggam.org

ൟ. മ. യ.

മലയാളത്തിലെ ക. ദി. മൂ. സഭയുടെ

# സ്ഥാപക പിതാക്കന്മാർ.

DHARMARAM COLLEGE
LIBRARY
BANGALORE

പ്രസ്തുത സഭയുടെ

## സ്വ ർ ണ്ണ ജൂ ബി ലി സ്മാ ര കം.

വൈദീക ശ്രേഷ്ഠാനുമതിയോടെ

മാന്നാനത്ത്

വി. യൌസേപ്പ പിതാവിന്റെ അച്ചുക്കൂട്ടത്തിൽ

അച്ചടിക്കപ്പെട്ടത്.

൧൯൦൫.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

DHARMARAM COLLEGE LIBRARY
Ac. No. 51799
Call No. K 91 / S 88
AR.

# അനുവാദ പത്രം.

ന. സഭയുടെ ആദ്യ പിതാക്കളായ മൂന്നുപേരുടെ ചരിത്രം ട്ടംപോലെ രണ്ടച്ചന്മാരു പരിശോധിച്ചു സാക്ഷിച്ചിരിക്കയാൽ സിദ്ധപ്പെടുത്തുന്നതിനു അനുവദിക്കുന്നു.

എന്നു

ക. ഡി. മ്മ. സ. പ്രിയോർ ജനറാൾ

അ. അലെക്ക്സാന്തർ ഔസേപ്പു പട്ടക്കാരൻ

തേവര കോ.
൧൦൮൧ വൃശ്ചികം ൧൧നു- }

[illegible]

NIHIL OBSTAT.

**IMPRIMATUR.**

✠ Matheus Makil,

Ep. Trallensis et Vic. Ap.

Changanacheriensis.

*22 Nov. 1905*
*Changanacherry.*

# മുഖവുര.

മലയാളത്തിലെ ക. ദി. മൂ. സഭയുടെ സ്ഥാപകപിതാക്കന്മാ
രായ പെ. ബ. പാലയ്ക്കൽ തോമ്മാമല്പാനച്ചൻ, പെ. ബ. പോരൂക്ക
ര തോമ്മാമല്പാനച്ചൻ, പെ. ബ. ചാവറ കുറിയാക്കോസ് ഏലിയാ
പ്രിയോരച്ചൻ എന്നിവരുടെ ജീവചരിത്രങ്ങൾ ഈ കൊവേന്ത
റിക്കാർട്ടിൽ നിന്നെടുത്തു ഈ ചെറിയ പുസ്തകത്തിൽ ചേർത്തിരി
ക്കുന്നു. പെ. ബ. പാലയ്ക്കൽ തോമ്മാമല്പാനച്ചന്റെ ചരിത്രം അവി
ടത്തെ ശിഷ്യനായ പെ. ബ. ചാവറ കുറിയാക്കോസച്ചനും, പെ.
ബ. പോരൂക്കര തോമ്മാമല്പാനച്ചന്റെയും, പെ. ബ. ചാവറ കുറി
യാക്കോസ് ഏലിയാ പ്രിയോരച്ചന്റെയും ചരിത്രങ്ങൾ, മാന്നാനം
മുതലായ കൊവേന്തകളുടെ രണ്ടാം പ്രിയോരായ പെ. ബ. പോരൂ
ക്കര കുറിയാക്കോസ് ഏലീശാഅച്ചനും സ്വന്തകൈപ്പടകളിൽ എഴു
തിവച്ചിട്ടുള്ളതാണ്. ഈ ചരിത്രങ്ങളെ ക. ദി. മൂ. സഭയുടെ സ്വർണ്ണ
ജൂബിലി ആഘോഷിക്കപ്പെടുന്ന ഈ ആണ്ടിൽ മൂലപ്രതികളിൽനി
ന്നു പകർത്തി ദൈവസ്തുതിയ്ക്കും ടി. പിതാക്കന്മാരുടെ ഓർമ്മയ്ക്കുമായി
ഒരു ചെറിയ പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുന്നതു യുക്തമെന്നു
ഞങ്ങൾക്കു തോന്നി. എന്തെന്നാൽ ദൈവത്തിന്റെ പ്രത്യേക കൃപ
യാൽ മലയാളത്തിൽ ഈ സഭ സ്ഥാപിക്കപ്പെട്ടു എന്ന് ഈ ജീവ
ചരിത്രങ്ങളിൽനിന്നു സ്പഷ്ടമായി കാണാവുന്നതാകയാൽ ഈ ജൂബി
ലി അവസരത്തിൽ ദൈവത്തിനു് പ്രത്യേകമായി ഉപകാരസ്മരണ
ചെയ്യുന്നതിനു ഈ ചരിത്രം നമ്മെ ഉത്സാഹിപ്പിക്കും.

മലയാളഭാഷ ദിവസേന പരിഷ്കരിക്കപ്പെട്ടുവരുന്ന ഈ കാല
ത്തു, ന. പിതാക്കന്മാർ പഴയകാലങ്ങളിൽ എഴുതി ഇട്ടിരിക്കുന്ന ഈ
ചരിത്രങ്ങൾ ഭാഷയിൽ പല ന്യൂനതയുള്ളവയായി വല്ലവർക്കും തോ
ന്നിയേക്കാം. എന്നാൽ പൂർവ്വത്തിന്മേലുള്ള വണക്കംനിമിത്തവും, വി
ശ്രുത ദൈവശുശ്രൂഷികളായ ടി. പിതാക്കന്മാരുടെ വ്യക്തമായ പ
രമാർത്ഥ വാക്യങ്ങളിൽ ഒരുവിധ ആത്മീക മഹത്വം പ്രകാശിക്കയാ
ലും, അവയിൽ ഞങ്ങൾ യാതൊരു ഭേദഗതിയും ചെയ്യാതെ പ്രസി
ദ്ധപ്പെടുത്തുക അത്രെ ചെയ്തിട്ടുള്ളതു്. ഈ ചുരുങ്ങിയ ചരിത്രം പു
ണ്യജീവിതത്തിനു നമ്മെ ഉത്സാഹിപ്പിക്കുന്നതുകൂടാതെ, മലയാള
ത്തിലെ പള്ളിച്ചരിത്ര വിഷയത്തിൽ നമുക്കു ഒരു ദീപമായി ശോ
ഭിക്കയും ചെയ്യും എന്ന് വിശ്വസിക്കുന്നു.

മാന്നാനം കൊവേന്തയുടെ പ്രിയോർ.

ക. ദിമൂ. സ. അ. അലെക്സാന്തർ യൌസേപ്പുപട്ട: (ഒപ്പ്)

മാന്നാനം ൧൯൦൫ വൃശ്ചികം ൧൪.
ക. ദി. പുണ്യവാള. തിനാൾ.

## മലയാളത്തിൽ ക. ദി. മൂ. സഭയുടെ
## അടിസ്ഥാനക്കാരിൽ ഒന്നാമനായ പള്ളിപ്പുറത്തുപള്ളിഇടവകക്കാരൻ
## പാലയ്ക്കൽ പെ. ബ. തോമ്മാ മല്പാനച്ചന്റെ
# ചരിത്രം.

(പെ. ബ. ചാവറ പ്രിയോരച്ചനാൽ എഴുതപ്പെട്ടതു.)

പെ. ബ. തോമ്മാച്ചന്റെ ജന്മ ഭവനം തെക്കൻപള്ളിപ്പുറം എന്ന ദിക്കിൽ, പള്ളിയുടെ കിഴക്കോട്ടുള്ള അങ്ങാടിയിൽ വടക്കെ ഭാഗത്തിൽ പാലയ്ക്കൽ എന്ന തറവാട്ട ആകുന്നു. ൟ ദേഹത്തിന്റെ മൂത്തപ്പൻ ഗീവറുഗീസ്സ പട്ടക്കാരനും ഇളയപ്പൻ മാത്തു കത്തനാരും ഇങ്ങനെ രണ്ടു പേരുണ്ടായിരുന്നു. ഇവരിൽ മാത്തു കത്തനാരച്ചന്റെ ജ്യേഷ്ഠൻ ആണ ഇദ്ദേഹത്തിന്റെ പിതാവ്. അമ്മ കല്ലൂക്കാട്ട പള്ളി ഇടവകയിൽ പുത്തൻപുരയ്ക്കൽ എന്നു പേരുള്ള പള്ളിയുടെ തെക്കെ അങ്ങാടിയിൽ ഉള്ള വീട്ടിൽ ജനിച്ചവളാണ. ഇദ്ദേഹത്തിന്റെ കാരണവന്മാർ ഒരു പ്രകാരം ദ്രവ്യവും മാനവുമുള്ളവരത്രെ. ആ ഇടവകയിൽ, ഇദ്ദേഹത്തിന്റെ ചെറുപ്പത്തിൽ മലയാം കണക്കിൽ ൯൬൩-ാമാണ്ടിൽ വസൂരിയും പഞ്ഞവും അധികമായി ഉണ്ടായി. ഇതിനാൽ കാരണവന്മാരിൽ പ്രാപ്തി ഉള്ളവർ മരിക്കയാലും മററു ചില ആപത്തുകളാലും ൟ ദ്രവ്യങ്ങൾക്ക അധികം നഷ്ടം വന്നതിനാൽ വലിയ ഞെരുക്കമായിരുന്നു. ൟ വസന്തയിൽ അപ്പൻ മരിച്ചുപോയി. ഇദ്ദേഹത്തിന്റെ ജ്യേഷ്ഠൻ സാമർത്ഥ്യമില്ലാത്ത ഒരുത്തനും ചെറുപ്പക്കാരനും ആയിരുന്നു. ഇദ്ദേഹത്തിന്റെ അമ്മ തന്റെ രണ്ടു പെണ്മക്കളെയും രണ്ടു ആണ്മക്കളെയും വലിയ ബുദ്ധിമുട്ടോടുകൂടി വളർത്തിക്കൊണ്ടുവന്നു. എന്നാൽ അമ്മ അക്കാലങ്ങളിൽ ഉള്ള ഭക്തിക്കാരത്തികളിൽ അധിക ഭക്തിയുള്ളവളായിരുന്നു. ആയതിനാൽ അവളുടെ അനുജത്തിയുടെ സഹായത്താലും വലിയ ബുദ്ധിമുട്ടോടുകൂടെയും ജീവിച്ചുവന്നു.

അക്കാലത്തിൽ മേല്പറഞ്ഞപോലെ പഞ്ഞവും വസന്തയും ഉണ്ടാകയാലും വടക്കെ ദിക്കുകളിൽ ടിപ്പുസുൽത്താൻ എന്ന മാറമ്മെദ്ദ രാജാവിന്റെ പട വന്നു പള്ളികളും പട്ടണങ്ങളും നശിപ്പിക്കയാലും കാണുന്നവരെ പിടിച്ചു അവന്റെ വേദത്തിൽ ഉൾപ്പെടുത്തുവാൻ ബലം ചെയ്കയാലും ഏറിയ ജനങ്ങൾ ആ ദിക്കുകളിൽനിന്നു ഓടിവരികയും അതോടുകൂടെ കുന്ന്യത്തോട്ടിൽ. തച്ചിൽ മാത്തുതരകൻ എന്ന ആളും അയാളുടെ അനുജൻ അവ്രാഹം മല്പാനച്ചനും ആ ദേഹത്തോടുകൂടി പഠിച്ചിരുന്ന ശമ്മാച്ചന്മാരും വന്നു പള്ളിപ്പുറത്തു

പാക്കയും അവിടെ മല്പാനച്ചൻ അവരെ പഠിപ്പിക്കയും ചെയ്തിരുന്നു.

അപ്പോൾ ഈയാളിന്റെ ആഗ്രഹത്താലും അപേക്ഷയാലും പഠിപ്പാൻ തുടങ്ങുകയും അക്കാലത്തിന്റെ മുറപ്രകാരം വീട്ടിൽ അമ്മ കൊടുക്കുന്ന യാവനയും അനുഭവിച്ചുകൊണ്ടു ശേഷം പേരോടുകൂടി പോയി പഠിക്കയും ചെയ്തു. ഇങ്ങനെ ദൈവസഹായത്താൽ പഠിതാവും കഴിച്ചു പട്ടമേൽക്കയും ചെയ്തു.

അനന്തരം ഫവ്വഫവ്വ–ാം കാലം പള്ളിപ്പുറത്തു ഇടവകക്കാരനായ മംഗലത്തു ചാണ്ടി എന്ന ഒരു വാലിഭക്കാരനെ പഠിപ്പിക്കണമെന്നു അയാളുടെ വല്യപ്പൻ ടി. പള്ളിയുടെ വികാരിയച്ചൻ പറകയാലും ആ ദേഹം ചാർച്ചക്കാരനാകയാലും, ഈ ഇടയിൽ തന്നെക്കുറെ ഉപദ്രവിച്ചു സങ്കടപ്പെടുത്തിയതുകൊണ്ടു "ഉപദ്രവിച്ചവനു ഉപകാരം ചെയ്യണം, ദ്വേഷിച്ചവനെ സ്നേഹിക്കണം" എന്നു ദിവ്യരക്ഷിതാവു അരുളിച്ചെയ്തിരിക്കയാലും ആ വേല ചെയ്യുന്നതിന്നു സമ്മതിച്ചു. ഈയാളിനെ സുറിയാനി പഠിപ്പിപ്പാൻ തുടങ്ങി.

അക്കാലത്തിൽ വടയാററു പള്ളിയിൽ പാറേമ്മാക്കൽ മാത്തൻ മല്പാൻ പഠിപ്പിച്ചു വന്നിരുന്നു. ആ ദേഹത്തോടുകൂടെ വൈക്കത്തു പള്ളി ഇടവകക്കാരൻ പഴെകടവിൽ യൌസേപ്പും, കുടത്തുരുത്തി പള്ളിഇടവകക്കാരൻ മുട്ടത്തിൽ കുര്യനും, എരണസ്സൽ കുരുവിളയും, മുട്ടുചിറപ്പള്ളി ഇടവകക്കാരൻ പറമ്പിൽ പൌലോസും ഇങ്ങനെ നാലു വാലിഭക്കാരു പഠിച്ചിരുന്നു. ആ സമയം തലയോലപ്പറമ്പിൽ കുരിശുപള്ളി വയ്ക്കുന്നതിന്നു മലപ്പുറത്തു ഇട്ടൻ കത്തനാരച്ചൻ തുടങ്ങി. അപ്പോൾ വടയാററു മല്പാനച്ചൻ ആ സ്ഥലം ആ ദേഹത്തിന്റെ ഇടവകയ്ക്കു ചേരേണ്ടതാണെന്നും ആ ദേഹത്തിനു പള്ളി വയ്പ്പിക്കണമെന്നും വാദിച്ചു, സക്കാരിൽ അന്ന്യായപ്പെട്ടു. ഈ വഴക്കു മുഖാന്തിരത്താൽ ഇട്ടൻ കത്തനാരച്ചൻ പെ. ബ. പ്രൊസ്സരു മൂപ്പൻ പാദ്രി അച്ചനെ ബോധിപ്പിച്ചു, നമ്മുടെ രൂപതയിൽ ഉള്ളവരു നമ്മുടെ രൂപതയിൽ പഠിച്ചല്ലാതെ പട്ടം കൊടുക്കയില്ലെന്നും ആയതുകൊണ്ടു ഈ നാലു വാലിഭക്കാരും വടയാററു നിന്നും മാറി പള്ളിപ്പുറത്തു പാലയ്ക്കൽ തോമ്മാ കത്തനാരോടുകൂടെ പോയി പാർത്തു പഠിച്ചുകൊള്ളണമെന്നും, അവരെ പഠിപ്പിച്ചുകൊള്ളണമെന്നും ഒരു കല്പന വാങ്ങിച്ചു, മേല്പറഞ്ഞ ഇട്ടൻ കത്തനാരച്ചൻ ഈ നാലു പേരെയും കൊണ്ടുവന്നു പള്ളിപ്പുറത്തു ആക്കുകയും ചെയ്തു.

മേല്പടി ആണ്ടിൽ തന്നെ എന്റെ പതിനൊന്നു വയസ്സിൽ പഠിക്കണമെന്നു മനസ്സു ഇനിക്കുണ്ടായതിനാലും, കാരണവന്മാരായ അപ്പനും അമ്മക്കും അത്ര മനസ്സില്ലാഞ്ഞു എങ്കിലും അമ്മാച്ചനായ തോപ്പിൽ ഗീവറുഗീസു കത്തനാരച്ചന്റെ അപ്പനും എന്റെ ഇളയപ്പനും മനസ്സാകയാലും ഒടുവിൽ കാരണവന്മാരും സമ്മതിക്ക

യും മുൻപറഞ്ഞിരിക്കുന്ന ടി ദേഹത്തിന്റെ ഇളയമ്മയുടെ മക
ന്റെ വചനത്താലും എന്നെ ചേക്കുകയും ചെയ്തു. ഇതിന്റെ ശേ
ഷം വരാപ്പുഴെ സിമ്മനാരിയിൽ അന്നു മല്പാനായി പഠിപ്പിച്ചിരു
ന്ന ഞാറക്കൽ പള്ളി ഇടവകക്കാരൻ മാണിയേക്കൽ ചെറിയാൻ
മാത്തു കത്തനാരച്ചനോടുകൂടെ പഠിച്ചിരുന്ന കോയിൽമുക്ക പള്ളി
ഇടവകക്കാരൻ ഉരാമ്മേൽ ചാണ്ടപ്പിള്ള ശമ്മാച്ചനും കൂടി. പി
ന്നീടു കുറവലങ്ങാടു പള്ളി ഇടവകക്കാരൻ നാല്പതു വയസ്സുപ്രായം
ചെന്ന പീലിപ്പോസു എന്നൊരാൾ തപസിയായി കടുത്തുരുത്തി
പള്ളിയിൽ പാർത്തു പുണ്യഭാഷയായി നടന്നുവന്നു. ഇയാൾക്കു പട്ട
മേൽക്കണമെന്നുണ്ടായിരുന്നാൽ ഞാൻ ചിലവിനുകൊടുത്തുകൊള്ളാ
മെന്നു ആ ഇടവകക്കാരൻ നിലപ്പനകുഞ്ഞുവറീതുമാപ്പിള പറഞ്ഞൊ
ക്കയും ഇപ്രകാരം ഇവരിരുവരുംകൂടി പള്ളിപ്പുറത്തുവന്നു ടി ദേഹ
ത്തിനോടു അപേക്ഷിക്കയും ചെയ്തു. കിഴവനാകയാൽ ടി പഠിക്കു
ന്നവർക്കു സൽഗുണദോഷം പറവാനും, കാട്ടുവാനും നന്നാകുന്നു എ
ന്നു നിരൂപിച്ചു അപ്രകാരം അയാളേയും കൂട്ടി. ടി വണ്ണം മററു
ഇടവകകളിൽനിന്നും സിമ്മനാരികളിൽനിന്നും ഓരോരുത്തർ വ
ന്നുകൂടുകയും ചെയ്തു. ഇങ്ങനെ ഇരിക്കയിൽ വരാപ്പുഴെ വികാരി
അപ്പസ്തോലിക്കാ ആയിരുന്ന ഏത്രയും പെരിയ ബഹുമാനപെട്ട
റയിമൂന്തു് സൂഴ് എന്ന മെത്രാനച്ചൻ കാലംചെയ്തതിനാൽ ബൊം
ബാ, മുകോൾ, മുകിൻ എന്ന ദിക്കുകൾക്കു വികാരി അപ്പസ്തോലിക്കാ
യും ക്ഷവസുഖത്തിലും പുണ്യത്തിലും കീർത്തിയിലും വിളങ്ങപ്പെട്ടവ
നുമായ ഏത്രയും പെരിയ ബഹുമാനപ്പെട്ട പത്രോസ് ദെൽക്കാ
ന്തര എന്ന മെത്രാനച്ചൻ ഇവിടത്തെ അടിയന്തിരം പോക്കുവാനായി
ട്ടു വരാപ്പുഴെ വന്നിരിക്കയിൽ ആ ദേഹത്തോടു അപേക്ഷിച്ചു മേ
ലെഴുതിയ നാലു ബാലിഭക്കാർക്കും പീലിപ്പോസിനും പട്ടം കൊടു
ത്തു അതുവരേയും ഉണ്ടായിരുന്ന സുറിയാനിക്കാരുടെക്രമത്തിനു തക്ക
തിൻവണ്ണം, അതായതു, അവർക്കു പട്ടം കൊടുക്കുമ്പോൾ ഒന്നുകിൽ
അസ്സുപ്പാട്ടും നാലുപട്ടവുംകൂടി ഒരുമിച്ചു ഒരു ദിവസത്തിൽ, അല്ലെ
ങ്കിൽ ഒരിക്കലാസ്സുപ്പാട്ടും പിന്നെ നാലുപട്ടവും ഇങ്ങനെ കൊടുക്കു
ന്നതല്ലാതെ ചെറിയ പട്ടങ്ങൾ ൧, ൨, ൩, ൪ ഇങ്ങനെ വേർതിരി
ച്ചു കൊടുക്കുമാറില്ല. ഇങ്ങനെ ശമ്മാച്ചന്മാരായതിന്റെ ശേഷം മ
ററുള്ള സിമ്മനാരികളിൽ ശമ്മാച്ചന്മാർക്കു പുത്തൻകുർബ്ബാന ചൊല്ലും
വരെയും തനിച്ചു ളോവ ഉണ്ടാക്കുക ചട്ടമില്ലായിരുന്നു. എന്നാൽ
പെരുന്നാൾ അടിയന്തിരം, ചാവു, പുല മുതലായ സംഗതികൾക്കു
ദർമ്മത്തി, കാപ്പ, മുതലായതു ഉടുക്കേണ്ടി വരുമ്പോൾ ആ പള്ളി
യിലുള്ള മററു പട്ടക്കാർക്കു കുർബ്ബാന ചൊല്ലുവാനുള്ള അടിയന്തിരത്തി
നു മാത്രം ഉണ്ടാക്കിരിക്കുന്ന ളോവകളെ വാങ്ങിച്ചു ഉടുത്തുംകൊണ്ടു
മേലെഴുതിയ ചിററാഴ്മകൾ നടത്തി വന്നിരുന്നു. എന്നാൽ ഈദേ

marggam DIGITAL PUBLISHING

www.marggam.org



ഹം വരാപ്പുഴെ സിമ്മനാരിയിൽ മേല്പറഞ്ഞ ചെറിയാൻ മാത്തു മല്പാനച്ചനെ പറഞ്ഞു സമ്മതിപ്പിച്ചതിനാൽ ആദേഹവും പഠിക്കുന്ന ശെമ്മാച്ചന്മാരും വെളുത്ത നിറത്തിലുള്ള ളോവ ഉണ്ടാക്കിച്ചു ധരിച്ചു വന്നിരുന്നു. ൟ സംഗതി ഈ ദേഹത്തിന്റെ നാവാലെതന്നെ പറഞ്ഞു ഞാൻ കേട്ടതാണ. എങ്ങിനെയെന്നാൽ, വരാപ്പുഴ സിമ്മനാരിയിൽ ലത്തീൻകാരരു കറുത്ത നിറത്തിലുള്ള ളോവ ഉടുത്തുകൊണ്ടും, സുറിയാനിക്കാരരു അവരുടെ പൂർവ്വന്മാരെപ്പോലെ അധികം വീതിയായിട്ടുള്ള കാൽക്കുപ്പായവും, മുട്ടുകഴിഞ്ഞു ഏകദേശം എട്ടു വിരൽ നീളവും, കൈകൾ, കാൽക്കുപ്പായത്തിന്റെ വീതിപോലെ അധികം വീതിയും മണിക്കെട്ടുവരെ നീളവും, കഴുത്താരം എട്ടുവിരൽ വീതിയിൽ പുറകോട്ടു മടക്കിയിട്ടും ഉള്ള ഒരു കമ്മീസുമിട്ടു വയറുവരെ നീളമുള്ള ഒരു കൊന്തയുമിട്ടു തോളിൽ നല്ലതിൽ ഒരു നാടൻമുണ്ടുമായി അത്രെ ശെമ്മാച്ചന്മാരും പട്ടക്കാരും എപ്പോഴും എല്ലായിടത്തും നടക്കുന്നതു. അപ്രകാരംതന്നെ മേല്പട്ടക്കാരുടെ മുമ്പിലും പോയിരുന്നു. ഇങ്ങനെ ഇരിക്കയിൽ ഒരു മൂപ്പച്ചൻ യൂറോപ്പിൽനിന്നും പുത്തനായിട്ടു വരാപ്പുഴെ വന്നിറങ്ങിയപ്പോൾ ലത്തീൻകാരും സുറിയാനിക്കാരുംകൂടി വരാപ്പുഴെ കടവിൽ ചെന്നു. ആദേഹം കരയ്ക്കിറങ്ങിയ ഉടൻ ലത്തീൻകാരെ കണ്ടു പട്ടക്കാരു എന്നറിഞ്ഞു തക്ക ആചാരം ചെയ്തു. സുറിയാനിക്കാരെ കണ്ടാറെ അൽമേനികൾ എന്നു വിചാരിച്ചു യാതോരു ബഹുമാനവും ചെയ്തില്ലാ. ഇതിന്റെ ശേഷം (ഇദ്ദേഹം) പെ. ബ. തോമ്മാ മല്പാനച്ചൻ മേലെഴുതിയ മാത്തു മല്പാനച്ചനോടു ഗുണദോഷമായി പറഞ്ഞതായതു: ൟവണ്ണം നടക്കുന്നതു പട്ടക്കാരക്കു ഒട്ടുംതന്നെ മുറയല്ലായ്കയാലല്ലേ, ഇദ്ദേഹം നമ്മേ അറിയാഞ്ഞതും ബഹുമാനിക്കാഞ്ഞതും. ആയതുകൊണ്ടു ഇനിയെങ്കിലും ളോവ ഉടുത്തു നടക്കണം, ആയതിനു അച്ചൻ ഒരു മനസ്സുവച്ചാൽ ഞാൻ ഉത്സാഹിച്ചു നടത്തിക്കൊള്ളാം എന്നു പറഞ്ഞപ്പോൾ ഇവരെപ്പോലെ കറുപ്പുടുത്തു നടത്താൻ കഴികയില്ലെന്നു പറഞ്ഞു.

എന്നാൽ കറുപ്പു വേണ്ടാ വെള്ള ആകട്ടെ എന്നു പറഞ്ഞു സമ്മതിപ്പിച്ചു് ൟദേഹവും പിച്ചി പൌലോസു കത്തനാരച്ചനുംകൂടി കൊച്ചിയിൽ പോയി ഏതാനും വെള്ളക്കച്ച വാങ്ങിച്ചു മല്പാനച്ചനും ശെമ്മാച്ചന്മാക്കും അന്നു വരാപ്പുഴെ പാർത്തിരുന്ന പട്ടക്കാരക്കും വെള്ളളോവ കുത്തിപ്പിച്ചു കൊടുക്കയും ചെയ്തു. അതിന്റെശേഷം മെത്രാനച്ചനെ കാണ്മാൻ വരാപ്പുഴെ ചെല്ലുമ്പോൾ ളോവ ഇട്ടുകൊണ്ടേ മെത്രാനച്ചന്റെ മുമ്പിൽ ചെന്നുകൂടു എന്നൊരു സ്വരം ഉണ്ടായി. ആയതിനാൽ അന്നുമുതൽ ശെമ്മാച്ചന്മാരു ളോവ കുത്തിക്കണം എന്നുള്ള ശട്ടം തുടങ്ങി. ഇങ്ങനെ നടത്തിവരികയാൽ മേല്പറഞ്ഞവരെ പട്ടമേല്പിപ്പാൻ ഭാവിച്ചപ്പോൾ ളോവ, സൂപ്പ്ളെസ് ഒക്ക

www.TheCMSIndia.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

യും അവക്കുണ്ടാക്കിയതിൽ പിന്നയത്രെ അനുവദിച്ചത. അതെന്തെന്നാൽ അതുവരെ പള്ളികളിൽ സൂർപ്ലേസ് എന്ന പേരു പറഞ്ഞുവരുന്ന വട്ടത്തിൽ വെട്ടി നടുവിൽ കഴുത്തിലിടുവാൻ തക്കവണ്ണം വെട്ടിയിരിക്കുന്ന രണ്ടു മൂന്നു സൂർപ്ലേസ് ഉണ്ടായിരിക്കും. ഇതും പള്ളിവകയായിരിക്കും. പള്ളിയിൽ ശേഷം ഉടുപ്പുകൾപോലെ ഉണ്ടാക്കി സൂക്ഷിച്ചുവരികയല്ലാതെ ഓരോരുത്തൎക്ക ഇല്ലായിരുന്നു. പട്ടക്കാൎക്ക സൂർപ്ലേസ് വേണമെന്നും അതു കൈയുള്ളതായിരിക്കണമെന്നും ഈ ദേഹം പറഞ്ഞു. ഈ ശെമ്മാച്ചന്മാൎക്കും പിന്നീടു പട്ടമേറ്റവൎക്കും ഉണ്ടാക്കിച്ചതിനാൽ ഓരോരുത്തർ ഉണ്ടാക്കുവാൻ തുടങ്ങി. എങ്കിലും ഇപ്പഴും എല്ലാവൎക്കും ഉണ്ടായിട്ടില്ല.

ഈ ശെമ്മാച്ചന്മാരും മുൻപറഞ്ഞ കോയിൽമുക്കകാരൻ ചാണ്ടപ്പിള്ള ശെമ്മാച്ചനും പിന്നെയും മറ്റു ചിലരും വന്നു കൂടിയതിനാൽ ഈ ദേഹം ഒരു സിമ്മനാരിക്രമം എഴുതിയുണ്ടാക്കി. അതിനു പന്ത്രണ്ടു വകുപ്പുണ്ട്. അതു ഒരു പുസ്തകത്തിൽ പതിച്ചു പഠിക്കുന്ന സ്ഥലത്തു വെച്ചു. പള്ളിയുടെ വടക്കുവശത്തു വരാന്തയുടെ കിഴക്കെ അറ്റത്തു ഒരു മുറിയുണ്ട. അതിലത്രെ ഈ ദേഹം പാൎക്കുന്നതു. ആ വരാന്തയുടെ പടിഞ്ഞാറെ അറ്റത്തു ഒരു ചെറിയ മുറിയും നടുവിൽ നീളമുള്ള ഒരു വരാന്തയും ഉണ്ടു. ഈ വരാന്ത അത്രെ ശിമ്മ്നാരി ആക്കിയതു, അവിടെ ഇരുവശത്തു ബങ്കും നടുവിൽ മേശയും ഇട്ടു ഇരുവശത്തും ശെമ്മാച്ചന്മാരു ഇരിക്കയും ചെയ്തിരുന്നു. ഞങ്ങൾ അവിടെനിന്നു ആവശ്യത്തിനു മാത്രം പുറത്തു പോയിരുന്നു. അഞ്ചുമണിക്കു പുറത്തിറങ്ങി നടന്നിരുന്നു. ഉച്ചക്കത്തിൻ കഴിഞ്ഞാൽ കുറെനേരം ഉറങ്ങുവാൻ മുറിയിൽ പോകും. അപ്പോൾ എല്ലാവരും സുറിയാനി മലയാഴ്മ എഴുതണം. ൬ മണിക്കു പള്ളിയിൽപോയി ലുത്തിനിയാ, ധ്യാനം വായന, കൊന്തനമസ്കാരം മുതലായതു എത്തിച്ചിരുന്നു. ഇതിനെല്ലാം ഞങ്ങളോടുകൂടി ഈ ദേഹവും കൂടിയിരുന്നു. ഇതിന്റെശേഷം പഠനസ്ഥലത്തു ഞങ്ങളോടുകൂടി വന്നിരിക്കയും ചെയ്തിരുന്നു. അത്താഴം കഴിഞ്ഞു കുറെനേരം ജ്ഞാനകാൎയ്യങ്ങളെക്കുറിച്ചു സംഭാഷണം ചെയ്തതിന്റെ ശേഷം മണി കൊട്ടി ഉറങ്ങുവാൻ പോകയും ചെയ്യും. ഇങ്ങനെ കിടക്കുന്ന നേരം വരയും ളോവ ഉടുത്തുകൊണ്ടു അവിടത്തന്നെ ഇരിക്കയും മണി ഇല്ലായ്കയാൽ ചിലപ്പോൾ പതിനൊന്നു മണിവരെ രാവായിപ്പോകയും ചെയ്യും. ഞങ്ങൾ ഉറങ്ങുവാൻ പോയാലും ഈ ദേഹം വീണ്ടും അവിടെ ഇരുന്നു ഏറിയനേരം വായിച്ചിരുന്നു. ഇങ്ങനെ നടന്നുവന്നതിന്റെ ശേഷം രണ്ടു ശെമ്മാച്ചന്മാരും ഒരു വാലിഭക്കാരനും മരിച്ചതിനാൽ പലരും കുറ്റം പറഞ്ഞു തുടങ്ങി. അതായതു, വടയാറ്റും കുമരകത്തും മറ്റും ഉള്ള മല്പാന്മാരോടുകൂടി പഠിക്കുന്ന ശെമ്മാച്ചന്മാരു ളോവകൂടാതെ കമ്പി

ഒന്നുമില്ലാ. ഇങ്ങനെ ഏറിയ കാലം ജീവിച്ചിരുന്നു. അനന്തരം ഒരു കഠിന ജ്വരം വന്നപ്പോൾ പുത്തനങ്ങാടിയിൽ ഇട്ടിപ്പു വൈദ്യൻ കർശനമായി പ്രമാണിച്ചതിനാൽ അന്നുമുതൽ കാലത്തു കഞ്ഞി കുടിച്ചു തുടങ്ങി. എന്നാൽ വരാപ്പുഴെ സക്രാത്താരി ആയിട്ടു താമസിച്ചിരുന്ന കാലത്തും ഈ ക്രമം അവിടെയും അനുസരിച്ചിരുന്നു. ഈ ദേഹത്തിന്റെ ഭക്ഷണം വീട്ടിൽനിന്നു കൊണ്ടുവന്നിരുന്നു. എന്നാൽ മേലെഴുതിയവണ്ണം വീട്ടിൽ ഞെരുക്കം തന്നെ. ഈ ദേഹം കുമ്പാന ചൊല്ലുന്നതിനു കുറെദിവസം മുമ്പു അമ്മയും മരിച്ചു. ഒരു ജ്യേഷ്ഠനും രണ്ടു പെങ്ങന്മാരും ഉള്ളതിൽ മൂത്ത പെങ്ങളുടെ കെട്ടിയവൻ സ്വഭാവക്കേട്ടുകാരനായി രക്ഷിക്കായ്കയാൽ ഈ പെങ്ങളും വീട്ടിൽ വന്നു പാർത്തിരുന്നു. അവരത്രെ ഈ ചോറും കറിയും ഉണ്ടാക്കി കൊടുത്തയക്കുന്നതു. എന്നാൽ ജ്യേഷ്ഠൻ അധിക പ്രാപ്തി ഇല്ലാത്ത ആളായിരുന്നു. ഇതിനാൽ ഇവരൊക്കയും ഈ ദേഹം കുമ്പാന ചൊല്ലിയ നാൾ മുതൽ ഈ ദേഹത്തിന്റെ സഹായത്താലത്രെ ചിലവു കഴിച്ചുവന്നതു എന്നു പറയാം. ൦രം ദേഹത്തിന്റെ ഉച്ച ഭക്ഷണത്തിനു എല്ലായ്പ്പോഴും ഒരു കറി മാത്രമെ ഉണ്ടായിരുന്നൊള്ളു. ൦രം ദേഹം എത്ര ബുദ്ധിമുട്ടിയാറെയും ടി. പീലിപ്പോസിന്നു പഠിനത്തിൽ ഒരു ഫലവുമില്ലന്നുകണ്ടു് ഇനി താനഞ്ചുപട്ടം ഏൽക്കണ്ടാ എന്നു പറഞ്ഞു. അപ്പോൾ പീലിപ്പോസു അതിശപ്പെട്ടു "നീ എന്നെ ചതിച്ചില്ലയൊ ഞാൻ മാപ്പിള ആയിട്ടു നടന്നതല്ലയൊ എന്നെയീകോലം കെട്ടിച്ചിട്ടു ഇപ്പോൾ ഇനിക്കു പട്ടം തരുവിക്കയില്ലയൊ? ൦രം കൊച്ചു ശെമ്മാച്ചന്മാരെ ഒക്കെ പട്ടമേല്പിക്കുന്നല്ലൊ" എന്നും മറ്റും ൦രം ദേഹത്തെ ദൂഷണം പറവാൻ തുടങ്ങി. അനന്തരം ടി. പീലിപ്പോസു പള്ളിപ്പുറത്തുനിന്നും പുറപ്പെട്ടു പരദേശി ആയി നടപ്പാൻ തുടങ്ങി.

ഇങ്ങനെ ൦രം ദേഹം പഠിപ്പിച്ചു വരികയിൽ ൦രം ദേഹത്തിന്റെ മല്പാൻ വയസ്സായി കല്ലറമ്പിൽ പാർത്തു പഠിപ്പിച്ചു വന്നിരുന്നു. എന്നാൽ കന്നിമാസം ൨ാം ഞായറാഴ്ച ശെമ്മ്നാരി പെരുന്നാളായി കല്ലറമ്പിൽ ഘോഷിച്ചുവന്നിരുന്നു. ഞങ്ങളുടെ മല്പാനച്ചൻ ആ ദേഹത്തിൽ നിന്നു ഏറിയ ഉപകാരം കൈക്കൊണ്ടിരിക്കയാൽ ആ ദേഹത്തിനെ ചെന്നുകണ്ടു ഒരു വാഴ്വു വാങ്ങിക്കണമെന്നു വിചാരിച്ചു ആദ്യ ശിഷ്യരായ പള്ളിപ്പുറത്തു ഇടവകക്കാരൻ വരാപ്പുഴെ മല്പാനായിരുന്നു മരിച്ച മംഗലത്തു ചാണ്ടി കത്തനാരച്ചനെയും, വൈക്കത്തു പഴെകടവിൽ യൌസേപ്പു കത്തനാരച്ചനെയും എന്നെയും കൂടി കൊണ്ടുപോകണമെന്നു നിശ്ചയിച്ചു. ഇതിനാൽ അവർ രണ്ടുപേരും അവരുടെ വീടുകളിൽ നിന്നു ഓരൊ കുത്തു കച്ചയും ഇനിക്കുവേണ്ടി ൦രം ദേഹം തന്നെ ഒരു വിശേഷ പുതപ്പും വാങ്ങിച്ചു ഞങ്ങളെ മൂവരേയും കൂട്ടി കൊച്ചിയിൽ

അടുത്തു ചില വിശേഷ തര തിൻസാധനങ്ങളും ചട്ടംകെട്ടി കല്ലാമ്പിൽ ചെന്നു. ക്ഷവനായ മല്ലാനച്ചനു ഈ ദേഹം വലിയ ബഹുമാനത്തോടും ആചാരത്തോടുംകൂടെ വണക്കം ചെയ്തിട്ടു ദൂരെ മാറിനിന്നു. അപ്പോൾ ഞങ്ങൾ മൂവരും ഈ കാഴ്ചകളും കൊണ്ടുചെന്നു ആ ദേഹത്തിന്റെ മുറിയിൽ വച്ചു കസേരയുടെ മുമ്പിൽ മുട്ടുകുത്തി കൈ മുത്തുകയും ആ ദേഹം സന്തോഷത്തോടുകൂടെ ഞങ്ങളുടെ തലയിൽ കൈവച്ചു ആശീർവ്വദിക്കയും ചെയ്തു. ടി. പെരുന്നാളിനു പല ശിഷ്യരും വന്നു കൂടിയിരുന്നു. ഈ ദേഹമത്രെ പ്രസംഗം പറഞ്ഞതു. പ്രസംഗം കഴിഞ്ഞ ഞങ്ങൾ പള്ളിപ്പുറത്തിനു തിരിച്ചുപോരുകയും ചെയ്തു.

ഈ കാലങ്ങളിൽ വരാപ്പുഴെ വികാരി അപ്പസ്തോലിക്കാ ആയിട്ടു ചിലേസ്യാം പ്രംതർഗാസ്റ്റ് എന്ന ഇംഗ്ലീഷ് മെത്രാനച്ചൻ റോമ്മായിൽനിന്നു തന്നെ വാഴ്ചയും കൈക്കൊണ്ടു വരാപ്പുഴെ വന്നു അന്നു നടന്നുവന്നിരുന്ന ചട്ടപ്രകാരം അതായതു ഒരു വികാരി അപ്പസ്തോലിക്കായുടെ കാലം കഴിഞ്ഞതിന്റെ ശേഷം മറ്റൊരാൾ വാഴ്ച ഏറ്റു പള്ളി ഭരിപ്പാൻ തുടങ്ങുന്നതിനു മുമ്പു തന്നെ പള്ളികൾക്കു ഒക്കെയും കല്പന അയച്ചു വികാരിമാരെയും വേണ്ടത്തക്ക ജനങ്ങളെയും കൂട്ടി, നിശ്ചയിക്കപ്പെട്ട ദിവസത്തിൽ വരാപ്പുഴ പള്ളിയിൽ വരുത്തി ലത്തീനിലും മലയാഴ്മയിലും പരസ്യപ്പെടുത്തുകയും ആയതിന്റെ പകർപ്പുകൾ പള്ളികൾക്കു ഒക്കെയും കൊടുത്തയക്കയും ചെയ്യും. അന്നേ ദിവസം കൂടുന്ന പട്ടക്കാൎക്കും ജനങ്ങൾക്കും അവരവരുടെ ബഹുമാനത്തിനു തക്കവണ്ണം തിൻ കൊടുക്കമാറായിരുന്നു. അപ്രകാരം തന്നെ മേലെഴുതിയ മെത്രാനച്ചൻ വന്നയുടൻ ഈ ക്രമവും കഴിച്ചു. ഈ ദേഹവും ഈ ക്രമത്തിനു കൂടിയിരുന്നു. ഈ ദേഹം പഠിപ്പിപ്പാൻ തുടങ്ങിയ കാലം വരെ വരാപ്പുഴെ സക്രത്താരി ആയി താമസിച്ചിരുന്നു. പള്ളികൾ സംബന്ധിച്ച കാൎയ്യം മാത്രമല്ലാ വരാപ്പുഴെ ഉള്ള വസ്തു ഏൎപ്പാടുകളുടെയും വിവരങ്ങളും വേണ്ടുംവണ്ണം ഗ്രഹിച്ചിരുന്നു. സക്രത്താരി വേലയിൽനിന്നൊഴിഞ്ഞിട്ടും വികാരിജനറാളന്മാരായി നടത്തിയിരുന്ന ബ്രൌൺസ്, നിക്ലാവോസ് എന്ന മൂപ്പച്ചന്മാരരു പ്രധാനസംഗതികൾ ഉണ്ടാകുമ്പോൾ ഈ ദേഹത്തിനെ ആളയച്ചു വരുത്തി ആലോചന ചോദിച്ചിരുന്നു. ഇതു മുഖാന്തിരം ഈ ദേഹം വരാപ്പുഴെ ചെന്നാൽ തിരിയും വരെയുള്ള ചിലവുകൾ എല്ലാം അവിടെനിന്നു നടത്തിയിരുന്നു. ഈ മെത്രാനച്ചന്റെ കാലത്തിലത്രെ പള്ളികളിൽ വിസീത്തക്കു മെത്രാൻ തന്നെ പോകുന്ന ശട്ടം തുടങ്ങിയതു. ൧ാമതു. കടമാറ്റൂർ പള്ളിയിലത്രെ വിസിത്തയ്ക്കു പോയതു. അതിന്റെ ശേഷം പള്ളികളൊക്കയിലും വിസീത്തക്കു പോയി. ഇതിനു മുമ്പിൽ ബഹുമാനപ്പെട്ട മിസ്യോനാരിമാരെ പള്ളികളിലയക്കുന്നതല്ലാതെ മെത്രാന്മാ

marggam DIGITAL PUBLISHING
www.marggam.org
www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

രു പോകുക ചട്ടമില്ലായിരുന്നു. പക്ഷെ ഠരം മലയാള രാജാക്കളുടെ ഇടത്തുള്ള ബഹുമാനത്തിനുവേണ്ടി ആയിരുന്നു എന്നുതോന്നുന്നു. അതായതു, മുനിമാരു അവരുടെ ഇടത്തിൽ നിന്നിറങ്ങി സഞ്ചരിക്കയില്ലാ എന്നുള്ള മുറ അനുസരിച്ചായിരിക്കും. എന്നാലിപ്പോൾ ചെയ്യുംവണ്ണമുള്ളക്രമത്തോടും ഫലത്തോടുംകൂടെ ചെയ്തിരുന്നില്ലെങ്കിലും പള്ളികളിൽ നടന്നു് സിമിത്തേരി വേണമെന്നും ആയതിൽ ശവമടക്കണമെന്നും കുമ്പസാരക്കൂട ഉണ്ടാകണമെന്നും കൊമ്പിരിയാ ഉണ്ടാകണമെന്നും മററുമുള്ള ചട്ടം ഠരം ദേഹം കല്പിച്ചു. അതിനു മുമ്പു പള്ളികളിൽ പ്രത്യേകം സുറിയാനി പള്ളികളിൽ ദശനവും (കൊമ്പിരിയാ എന്നുള്ള ക്രമം) ഉണ്ടായിട്ടില്ലാ. സിമിത്തേരിയും കുമ്പസാരക്കൂടും ലത്തീൻ പള്ളികളിലും ഇല്ലാഞ്ഞു.

സുറിയാനി ഭാഷയിൽ ശാസ്ത്രപ്പുസ്തകങ്ങളും തെയൊലോജിയാ, മൊറാൽ ഇങ്ങനെയുള്ള പട്ടക്കാൎക്ക ആവശ്യമായ പുസ്തകങ്ങൾ ഇല്ലായ്കയാൽ പട്ടക്കാരുടെ അറിവില്ലായ്ക നിമിത്തം ഉണ്ടാകുന്ന നാശങ്ങളെ കാൺകയാൽ ഈ ദേഹം ഏററവും സങ്കടപ്പെട്ടു വളരെ അന്വേഷിച്ചതിൽ, പാണ്ടി രാജ്യങ്ങളിൽ പൌലീസുകാരു ചില പുസ്തകങ്ങൾ തമിൾ പേച്ചിൽ ഉണ്ടാക്കീട്ടുണ്ടെന്നു കേട്ടു, ആ പുസ്തകങ്ങൾ വരുത്തി. അപ്രകാരംതന്നെ ഇവിടങ്ങളിലും ചില മിസ്യോനാരിമാരാൽ ഉണ്ടാക്കപ്പെട്ട ചില മലയാഴ്മ പുസ്തകങ്ങളും വരുത്തി ഇവയെല്ലാം ഞങ്ങൾക്ക വായിപ്പാനും തന്നു. ഠരംദേഹവും തമിൾഭാഷ പഠിച്ചു, ആ പുസ്തകങ്ങൾ വായിച്ചുവന്നു. എല്ലാംപ്പോഴുംതന്നെ വായിച്ചിരുന്നു. ആയതുകൊണ്ടു മററു മല്പാന്മാരു "തമിഴമല്പാൻ പാണ്ടി മല്പാൻ" എന്നു പരിഹാസമായി വിളിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ: സുറിയാനി പേച്ചിലുള്ള പഠനം ഇല്ലായ്കയാലത്രേ ഠരം തമിഴ പുസ്തകങ്ങളെ വായിക്കുന്നതു് എന്നു പറഞ്ഞു വന്നിരുന്നു. പുണ്യജീവിതം, വലിയ ഓത്തിന്റെ അൎത്ഥം ഞാറയ്ക്കൽ മല്പാൻ, കരിയാററിൽ മല്പാൻ, പൌലീനോസ് മൂപ്പച്ചൻ എന്നവരാൽ ഉണ്ടാക്കപ്പെട്ട ക്രുദാശ പുസ്തകങ്ങളും മററു ചില വിശേഷ മലയാള പുസ്തകങ്ങളും ജ്ഞാനമുത്തു, ജ്ഞാനസംജീവി, ഏഴാഴ്മ പുതുമ, നക്ഷത്രമാല, പുരാന്തിമം, പശ്ചിമം മുതലായ വിശേഷ തമിൾ പുസ്തകങ്ങളും ഉണ്ടായിരുന്നു. അച്ചടിപ്പെന്ന പേരുകൂടെയും കേട്ടിട്ടില്ലാത്ത ഠരം ഇന്ത്യായിൽ ഇങ്ങനെയുള്ള പുസ്തകങ്ങളെ സമ്പാദിക്കുന്നതിനു അധിക അന്വേഷണവും വേലയും വേണ്ടിവന്നു. തമിഴിൽനിന്നു മലയാളത്തിലേക്കു ചില പുസ്തകങ്ങൾ ഭാഷാന്തരം ചെയ്തിരുന്നു. തന്റെ ശിഷ്യർ എല്ലാവരേയും പക്ഷാഭേദം കൂടാതെ പഠിപ്പിക്കയും, അവൎക്കവേണ്ടി കൈയെഴുത്തായിരുന്ന സുറിയാനി വേദപുസ്തകങ്ങൾ പല സ്ഥലങ്ങളിൽ നിന്നും വരുത്തി അവൎക്ക കൊടുക്കയും അവരേക്കൊണ്ടു പകൎത്തിപ്പിക്കയും ചെയ്തിരുന്നു. പട്ടക്കാൎക്കൂടുത

റിവിന്നു തക്കതായ പഠിത്വമുണ്ടാകണമെങ്കിൽ ലത്തീൻഭാഷ പഠിക്കണം എന്നു നിശ്ചയിച്ചു ചിലരെ എങ്കിലും പഠിപ്പിച്ചാൽ അവരു വഴിയായി ശേഷംപേൎക്കും ഉപകാരം ഉണ്ടാകും എന്നു വിചാരിച്ചു. ആകയാൽ ഞങ്ങൾ അറിയാതെ മേലെഴുതിയ മിലേസ്യാ മെത്രാനച്ചനെ ൟ സംഗതി ബോധിപ്പിച്ചു. ആദ്ദേഹവും സമ്മതിച്ചു. നിക്കൊലാവോസു മൂപ്പച്ചനു ൟ ദേഹത്തിന്റെ നേരെ അധികസ്നേഹമായിരുന്നതിനാൽ വേണ്ട സഹായങ്ങൾ ചെയ്യാമെന്നു പറഞ്ഞു. അപ്രകാരം ഞങ്ങൾ മൂവരെയും കൂട്ടിക്കൊണ്ടു വരാപ്പുഴെ കൊണ്ടുപോയി ആക്കി. സിമ്മനാരിക്കു പുറത്തു കിണററിന്റെ പടിഞ്ഞാറുവശമുള്ള മുറിയിൽ ഞങ്ങൾ പാൎപ്പാനും പഠിത്വത്തിന്റെ നേരത്തു ലത്തീകാരുടെ സിമ്മനാരിയിൽ പോയി പഠിച്ചുകൊള്ളണമെന്നും തീനും കിടപ്പും ൟ മുറിയിൽ കഴിച്ചുകൊള്ളണമെന്നും എന്തോരാവശ്യം നിങ്ങൾക്കു ഉണ്ടായിരുന്നാൽ ഒക്കയും മൂപ്പച്ചനോടു പറഞ്ഞാൽ നടത്തിതരുമെന്നും പറഞ്ഞുകൊണ്ടു ൟ ദേഹം പള്ളിപ്പുറത്തിനു പോയി. പിറേറദിവസം ഞങ്ങൾ സിമ്മനാരിയിൽ ചെന്നാറെ സിമ്മനാരിയിൽ കയറുന്നതിനും അവൎക്കു സമ്മതമില്ലാഞ്ഞു. ഇതിനാൽ ൟദേഹത്തിന്റെ നല്ലലാക്കു സാധിക്കാതെ പള്ളിപ്പുറത്തേക്കു പിന്തിരിയേണ്ടി വന്നു. ആകയാൽ ലാക്കു സാധിക്കാതിരുന്നു എന്നു മാത്രമല്ല, കുറെ മാനക്കേടും സങ്കടവും കൂടെ ഉണ്ടായി. ഇനി ഇതിനു എന്തുവഴിയുള്ളു എന്നു വിചാരിച്ചപ്പോൾ മേലെഴുതിയ രണ്ടുപേരും പ്രായം ചെന്നവരാകയാലും കാനോനാനമസ്കാരം മുതലായതു തഴങ്ങി അഞ്ചു പട്ടത്തിനു ആസ്ഥമാകുവാൻ ആഗ്രഹിക്കയാലും എന്നെയെങ്കിലും കുറെ ലത്തീൻ വെച്ചു പഠിപ്പിക്കണമെന്നു നിശ്ചയിച്ചു അന്നു തങ്കിപള്ളിയിൽ വികാരി ആയിരുന്ന വടക്കൻ പള്ളിപ്പുറത്തുകാരൻ മെയിൽ പാദ്രിയച്ചൻ ഒരുപ്രകാരം ലത്തീൻ വെച്ചു തിരിയുന്നയാൾ എന്നു കേട്ടു ൟദേഹം തന്നെ ചിലവും തന്നു അയച്ചു. കുറേനാൾ ആറെട്ടുമാസം അവിടെ താമസിച്ചു. അപ്പോൾ ഒരു ദീനം വന്നതിനാൽ പോരികയും ചെയ്തു. ൟ ആഗ്രഹം സാധിക്കുന്നതിനു ഇടയായില്ലാ. ഇങ്ങനെ ഞങ്ങളെ പഠിപ്പിച്ചിരിക്കുന്ന കാലത്തു ആദ്ദേഹത്തിന്റെ ഏറിയ പ്രയത്നത്താൽ യജമാനന്മാരെ ബോധിപ്പിച്ചു വടയാററു പള്ളിയിലും, പിന്നെയും ചില പള്ളികളിലും കൊംഗ്രഹസ്യോൻ എന്ന കമ്മലമാതാവിന്റെ ദൎശനപ്പെരുന്നാൾ സ്ഥാപിച്ചു ഘോഷിച്ചിരുന്നു. ആദ്ദേഹത്തിനു ഏററിക്കപ്പെട്ട സ്നേഹക്കാരനായി ബ. പോരുക്കര തോമ്മാക്കത്തനാരച്ചനും ൟദേഹവും കൂടെ "ൟ മലയാളത്തിൽ പട്ടക്കാൎക്കുപോലും ഒരു തപസ്സുഭവനം ഇല്ലായ്കയാൽ ഏറിയ നന്മകൾക്കു വിഘ്നമായിരിക്കകൊണ്ടു വല്ലപ്രകാരത്തിലും പട്ടക്കാൎക്കെങ്കിലും ഒരു ദൎശനവീടുണ്ടാക്കണമെന്നാഗ്രഹിച്ചു. ആയതിന്നു ഒരു സഹായം ആരുമില്ലാ

യ്യുകൊണ്ടു വേദിച്ചപേക്ഷിച്ചിരിക്കുമ്പോൾ ദൈവസഹായത്താൽ ബഹുമാനപ്പെട്ട ബോംബയുടെ വികാരി അപ്പസ്തോലിക്കാ ആയ മാർ മൌറേലിയോസ് ദൊലീസ്സ് എന്ന മെത്രാനച്ചൻ ഇവിടേക്കു വന്നു. മാർ ലെയോൻ പത്താമതു എന്ന ശുദ്ധമാന മാർപ്പാപ്പായുടെ കല്പനയാൽ വരാപ്പുഴക്കു ഇന്തിരീ:ാ വികാരി അപ്പസ്തോലിക്കാ ആയിട്ടു വാഴുകയിൽ, ഞങ്ങളുടെ മല്പാനച്ചൻ, മുമ്പു പീയൂസു ഏഴാമതു എന്ന ശുദ്ധമാന മാർപ്പാപ്പായുടെ കാലത്തു വരാപ്പുഴെ വികാരി അപ്പസ്തോലിക്കാ ആയിട്ടു വാണിരുന്ന മാർ റെയിമ്പൂൽദ് സൂയ്യു എന്ന മെത്രാനച്ചന്റെ സക്രത്താരിയായിട്ടു പാർത്തിരുന്നതിനാലും, പിന്നെ ഉണ്ടാകുന്ന യജമാനന്മാരു ആലോചന ചോദിക്കുന്നതിനായി ഞങ്ങളുടെ മല്പാനച്ചനെ വിളിക്കുമാറായിരുന്നു. അപ്രകാരം ബഹുമാനപെട്ട മാർ മൌറേലിയോസ് എന്ന മെത്രാനച്ചൻ വിളിച്ചു ഒന്നുകിൽ സക്രത്താരി ആയിട്ടവിടെ പാക്കണം, ആയതല്ലെങ്കിൽ ഇപ്രകാരം വിശ്വാസമുള്ളതിൽ ഒരു പട്ടക്കാരനെ ഇവിടെ നിത്തണം എന്നു കല്പിച്ചു. ഞങ്ങളുടെ മല്പാനച്ചനു പഠിപ്പിക്കൽ എന്ന ജോലി ഉപേക്ഷിപ്പാൻ പാടില്ലായ്കയാൽ പോരൂക്കര തോമ്മാക്കത്തനാരച്ചനെ കൊല്ലത്തു തങ്കച്ചേരി പുത്തൻപള്ളിയിൽനിന്നു വരുത്തി മെത്രാനച്ചന്റെ സക്രത്താരി ആയിട്ടു ആക്കുകയും ചെയ്തു. ഇങ്ങനെയിരിക്കയിൽ ഇവരു മുൻവിചാരിച്ച സംഗതിയേപ്പററി ആലോചിക്കയിൽ "എന്റെ നാമത്തിൽ രണ്ടുമൂന്നുപേരു കൂടുന്നിടത്തു ഞാനുണ്ടാകുമെന്നും, ചോദിപ്പിൻ നിങ്ങൾക്കു കിട്ടപ്പെടും" എന്നിങ്ങനെയുള്ള നമ്മുടെ കർത്താവിന്റെ അരുളപ്പാടിനു തക്കവണ്ണം ഇവരുടെ ഉത്സാഹത്താലും അപേക്ഷയാലും ബഹുമാനപെട്ട മെത്രാനച്ചൻ ഈ അവസ്ഥകൾ ഗ്രഹിച്ചപ്പോൾ ദാഹിക്കപ്പെട്ട ഭൂമി വർഷത്താൽ തെളിയുംവണ്ണം പുണ്യദാഹത്താൽ ദാഹിക്കപ്പെട്ടിരിക്കുന്ന അച്ചൻ ഏററിക്കപ്പെട്ട തെളിവാൽ തെളിഞ്ഞു "തമ്പുരാന്റെ മുഖം അന്വേഷിക്കുന്നവരു ഈ വേലക്കു ദാനധർമ്മം ചെയ്യണ"മെന്നു ഒരു പസ്സേന്തി എഴുതി. ഇതിനു ദാനധർമ്മമായിട്ടു ബഹുമാനപെട്ട അച്ചൻ ൧൲൨൯-ാംകാലം വൃശ്ചികം ൧൩-നു തന്നെ മുൻപിനാൽ ഇവരുടെ കയ്യിൽ, അതായതു ഞങ്ങളുടെ മല്പാനച്ചന്റെയും പോരൂക്കര അച്ചന്റെയും കയ്യിൽ ഇരുനൂറു കുമ്പിനിരൂപായും കൊടുത്തു ഇതിനു വേലചെയ്‌വാൻ ഇവർ രണ്ടുപേരെയും കഴലപ്പെടുത്തി അയച്ചു. ഇവരു പുറപ്പെട്ടു ൧൲൩൦-ാംകാലം തുലാമാസത്തിൽ കോയിൽമുക്കു പള്ളിയിൽ (എടത്വായിൽ) പോകുംവഴി കല്ലൂക്കാട്ടു പള്ളിയിൽ (ചമ്പക്കുളത്തു) കയറി പസ്സേന്തികാട്ടി വിവരം അറിയിച്ചു. പട്ടക്കാരും യോഗക്കാരുംകൂടി ഇരുനൂറു രൂപക്കു ആയിരപ്പറനെല്ലു തരത്തക്കതിൻവണ്ണം നിശ്ചയിച്ചു വികാരി അച്ചന്റെ ഒപ്പും പസ്സേന്തിയിൽ വെച്ചുതന്നു. അവിടെനിന്നു കോയിൽമുക്കു പള്ളിയി

ൽ പോയി. അവിടെയും പസ്സേന്തികാട്ടി വിവരം അറിയിച്ചാറെ അവരെല്ലാവരുംകൂടി പള്ളിയിൽ നിന്നു നാനൂറു രൂപായ്ക്കു പതിനായിരം ചക്രം കൊടുക്കത്തക്കതിൻവണ്ണം നിശ്ചയിച്ചു, പുരുട്ടുറാന്നു ചക്രം പതിനായിരവും കൊടുക്കയും ചെയ്തു. അവിടെനിന്നു അച്ചൻ പള്ളിപ്പുറത്തുവന്നു പാർക്കയും, എ. വെ. ബ. മെത്രാനച്ചൻ അത്തുങ്കൽ മാർ അന്ത്രയോസു ശ്ലീഹായുടെ പള്ളിയിൽ താമസിക്കയാൽ പോത്രക്കര അച്ചൻ അവിടെപോയി സക്രത്താരിയായി താമസിക്കയും ചെയ്തു.

കുറെക്കാലം കഴിഞ്ഞതിന്റെ ശേഷം വീടിനു സ്ഥലം കാണണമെന്നു നിശ്ചയിച്ചു ഞങ്ങളുടെ മല്പാനച്ചനും പോത്രക്കര അച്ചനും ആ ദേഹത്തിന്റെ ഒരു വാലിഭക്കാരനായിട്ടു കണിയാന്തറയാക്കോ എന്ന ചെറുതലും പള്ളിപ്പുറത്തു പള്ളി ഇടവക കല്ലുങ്കൽ ഇട്ടിയയിപ്പും ംരംഴപ്പുരിഷയിലുള്ള ഇട്ടൻ എന്നവനും ഇവരെല്ലാവരും കൂടെ പുറപ്പെട്ടു ഇത്തിപ്പുഴ ആററിൻ വഴിപോയി വെട്ടിക്കാട്ടുമുക്കും കടന്നു് ആ പ്രദേശങ്ങളൊക്കയും തിരഞ്ഞു അവിടെനിന്നു കടനാട്ടിൽ പാറെ എന്നു ചൊല്ലുന്ന അപകടസ്ഥലവും കടന്നു മുളക്കുളത്തു ചെന്നു. അവിടെയും തിരഞ്ഞാറെ തക്കതായ ഒരിടവും കണ്ടില്ല. അവിടെനിന്നും തിരികെ യാത്രപുറപ്പെട്ട വഴിൽ കാണുന്ന ഉയരപ്പെട്ട കുന്നും മലയും നോക്കുകയും ആലോചിക്കുകയും ഇങ്ങനെ കടനാട്ടിൽ പാറയും കടന്നു അതിനും താഴെ വെട്ടിക്കാട്ടു മുക്കിനും മേൽക്കു കളന്തൂരിന്നു ചെല്ലുന്ന മണയ്ക്കു് അടുത്തു് അവിടെ ഒരു സ്ഥലം കണ്ടു. അവിടവും വേനൽകാലത്തിൽ ഓരു കടക്കുന്നതിനാൽ ആ സ്ഥലവും പിടിച്ചില്ല. അവിടെനിന്നും പള്ളിപ്പുറത്തു വന്നു് ഇനി ഒരു സമയത്താകട്ടെ എന്നും വെച്ചു പോത്രക്കര അച്ചൻ മെത്രാനച്ചന്റെ പക്കൽപോയി.

കുറെനാൾ കഴിഞ്ഞതിന്റെ ശേഷം പാസ്കാൾ പാദ്രി അച്ചനും ഞങ്ങളുടെ അച്ചനും പോത്രക്കര അച്ചനും ഇട്ടൂപ്പു കത്തനാരച്ചനും മംഗലത്തു് ചാണ്ടികത്തനാരച്ചനും കൂടെ മുമ്പിൽ പോയ ആററുവഴിക്കു തന്നെ പുറപ്പെട്ടു വെട്ടിക്കാട്ടുമുക്കിനും മേൽക്കു കടനാട്ടിൽ പാറയ്ക്കും താഴെ കാവൽ വഴി ചേരിക്കും കിഴക്കുള്ള ചെമ്മഞ്ചി എന്നു ചൊല്ലുന്ന ഉയന്ന ഒരു കുന്നുംപുറം കണ്ടു. അതിനും മുകളിൽ വളരെ പ്രയാസവും ബുദ്ധിമുട്ടും കഴിച്ചു കയറി നോക്കിയപ്പോൾ ഉയച്ചയും വീതിവിസ്താരവും സ്ഥലസൌഖ്യവും നല്ലതുതന്നെ. എങ്കിലും വള്ളമടുപ്പാനും താഴ്ത്തനിന്നു ഒരു വസ്തുവും മുകളിൽ കൊണ്ടുവരുവാനും വളരെ പ്രയാസം. അതിനാൽ ആ സ്ഥലവും അത്ര യുക്തികരമായില്ല. അവിടെനിന്നും എല്ലാവരും മടങ്ങി ഓരൊരുത്തരുടെ സ്ഥലത്തു പോരുകയും ചെയ്തു.

അനന്തരം ഞങ്ങളുടെ മല്പാനച്ചനു വാതം വന്നു വിഷമിച്ചു

കിടപ്പിലായി. ഒരു മാസത്തോളം കുർബാന ചൊല്ലാതെയും അരക്കുടെ തളൎന്നു പോകയാൽ കാൽ അനക്കുവാൻ വഹിയാതെയും ആയിപ്പോയി. ദിനം ഒരു വിധം സൌഖ്യമായ ശേഷം വടകരക്കു പോയി. അവിടെവച്ചു ഞാനും ബ. അച്ചനും ആറ്റിനക്കരെ കടന്നു പല മലകളും കുന്നുകളും കയറി ഏകദേശം ഉച്ചതിരിഞ്ഞപ്പോൾ പിന്തിരിഞ്ഞുവന്നു. ആ സ്ഥലങ്ങളും ബോധിച്ചില്ല. അവിടെനിന്നു ഞങ്ങൾ പള്ളിപ്പുറത്തിനു തിരികെ വന്നു. അതിരമ്പുഴക്കു കിഴക്ക് പള്ളിക്കുന്നെന്നും പള്ളിക്കയമെന്നും ഇങ്ങനെ നല്ലതിൽ ഒരിടമുണ്ടെന്നും, വേദഗിരി എന്ന ഒരു ഇടമുണ്ടെന്നും കേട്ടതിനാൽ ആ ഇടങ്ങൾ കാണ്മാനായി ഞങ്ങളുടെ അച്ചനും പോത്രക്കര അച്ചനും കൂടെ പോയി. ആ ഇടങ്ങൾ കണ്ടാറെ വെള്ളസൌഖ്യമുള്ളടത്ത് സ്ഥലസൌഖ്യക്കേടും സ്ഥലസൌഖ്യമുള്ളടത്ത് വെള്ളസൌഖ്യക്കേടും ആകയാൽ ആ സ്ഥലങ്ങളും നല്ലവണ്ണം പിടിച്ചില്ല. അവിടെനിന്നു കുടമാളൂർ ആറ്റിൽ വന്നപ്പോൾ കുടമാളൂർ പള്ളിക്കു കിഴക്കു ഉയൎന്നതിൽ പുഴയരികിൽ ഒരു കുന്നു കണ്ടു. അവിടെ കയറി കണ്ടപ്പോൾ സ്ഥലസൌഖ്യംകൊണ്ടും പുഴയരികിലാകകൊണ്ടും ആയത്തു തന്നെ കൊള്ളാമെന്നു നിശ്ചയിച്ചു. ഏറിയ ബുദ്ധിമുട്ടുകളെ കഴിച്ചു ആ സ്ഥലത്തു ഒരു പള്ളി വയ്ക്കുന്നതിനു വിചാരണ കഴിക്കുന്നതിനു ദിവാൻജിയുടെ ഉത്തരവു തഹശീൽദാൎക്കു അയപ്പിച്ചു, തഹശീൽദാരു കരക്കാൎക്കു ശീട്ടുഎഴുതി വരുത്തി വിചാരണ കഴിച്ചാറെ മേലെഴുതിയ പുല്ലരിക്കുന്നുംപുറം കുമാരനല്ലൂർ ഭഗവതിയുടെ സങ്കേതമാകകൊണ്ടു ഊരാണ്മക്കാൎക്കു സമ്മതമില്ലാഴികയാൽ അവിടെ പള്ളി വയ്ക്കുന്നതിനു ഞങ്ങൾ അനുവദിക്കയില്ലെന്നും സങ്കടമുണ്ടെന്നും കച്ചീട്ടു വെച്ചു. ആകയാൽ ഈ കാൎയ്യം പ്രയാസമാകയാൽ സാധിക്കയില്ലെന്നു വിചാരിച്ചു.

പിന്നീടു അതിനു വടക്കുവശത്തു കുടമാളൂർ ചെറിയ പള്ളിക്കു കിഴക്കുവശത്തുള്ള ഒരു കുന്നുംപുറം വാങ്ങിക്കണം എന്നു വിചാരിച്ചു അതിന്നു വേലചെയ്തു. ഇരുപത്തഞ്ചുംനായമ്പിന്റെ തലേദിവസം തയ്യിൽ തരകൻ എന്നും, അയാളുടെ അനുജൻ കൊച്ചുപോത്തൻ മാപ്പിള എന്നും ഇങ്ങനെ രണ്ടു ഗ്രഹസ്ഥന്മാരു ഐകമത്യമായി പാൎത്തുവരുന്നു എന്നും അവരെ കണ്ടു പറഞ്ഞാൽ അവരു വിചാരിച്ചു നടത്തി തരുമെന്നും കരുതി ആ ദിവസം കുർബാനയും ചൊല്ലി നോയമ്പോടെ തിരിച്ചു കാൎയ്യങ്ങൾ പറഞ്ഞറിയിച്ചാറെ അച്ചന്മാരു എങ്ങും പോകണ്ടാ എന്നും നമ്മുടെ ഈ കുന്നുംപുറം തന്നെ നന്നു എന്നും ഇങ്ങനെ ഇതിന്റെ വിശേഷം പറഞ്ഞു, കയററി കാട്ടിയപ്പോൾ ഇതുതന്നെ കൊള്ളാമെന്നും നിശ്ചയിച്ചു വേല ചെയ്യുന്നതിനും പറഞ്ഞു തിരിച്ചു പോന്നു. മേലെഴുതിയ ഉത്തരവിൻപ്രകാരം ഏററുമാനൂർ പ്രവൃത്തിയിൽ മാന്നാനം കര

യിൽ ഓലംകണ്ണു മുകൾ എന്ന കുന്നു കാലായിൽ പള്ളിയും വീടും വയ്ക്കുന്നതിനു സമ്മതമുണ്ടെന്നു കരക്കാരേക്കൊണ്ടു ചീട്ടുവെപ്പിച്ചു. പെ. ബ. അച്ചനു അത്തുങ്കൽ പാർത്തിട്ടു സുഖക്കേടു ആകകൊണ്ടു കുടമാളൂർ വന്നു പാൎക്കണമെന്നു നിശ്ചയിച്ചു അവിടെ വന്നു പാൎത്തു. ഠരം അവസരത്തിൽ ഠരംയിടം വെട്ടിത്തെളിച്ചു ഒരു കുരിശുപുര കെട്ടിച്ചു ബ. മല്പാനച്ചനെക്കൊണ്ടു അനുവാദം വാങ്ങിച്ചു കുൎബ്ബാന ചൊല്ലണമെന്നും ആയതല്ലാഞ്ഞാൽ അതിരമ്പുഴയിൽ ചെന്നു കുൎബ്ബാനയും ചൊല്ലി ഇവിടെ വന്നു പാൎത്തു വേല എടുപ്പിപ്പാൻ കഴിഞ്ഞുവരുന്നതല്ലാ എന്നും ആയതുകൊണ്ടു അച്ചൻ വന്നു ഠരം വിവരം ബ. അച്ചനെ ബോധിപ്പിച്ചു അനുവാദം വാങ്ങേണ്ടുന്നതിനു വേഗത്തിൽ വരണമെന്നും എന്നോടു പറഞ്ഞയച്ച പ്രകാരം ഞാൻ പള്ളിപ്പുറത്തു ചെന്നു പറഞ്ഞാറെ അച്ചൻ അതിന്നു സമ്മതിച്ചു മെത്രാനച്ചൻെറ പക്കൽ വന്നു ബോധിപ്പിച്ചപ്പോൾ, കുത്തിമറച്ചു കുൎബ്ബാന ചൊല്ലിയെന്നാൽ പിന്നത്തേതിൽ ഉദാസീനതയും വെടിപ്പുകേടും ആയിതീരും. ആകയാൽ എത്രയും വേഗത്തിൽ ചെറുതായിട്ടു ഒരു കുരിശുപുര കല്ലുകൊണ്ടു തന്നെ തീൎക്കണമെന്നു കല്പിച്ചു. അപ്രകാരം നിശ്ചയിച്ചു വേലചെയ്തുതുടങ്ങുകയിൽ, ഞങ്ങളുടെ അച്ചനു ചടപ്പാകകൊണ്ടു മലയിൽ വന്നിരിപ്പാനും അതിരമ്പുഴക്കു പോയി ചൊല്ലുവാനും പാടില്ലായ്കകൊണ്ടും പള്ളിപ്പുറത്തു, മെത്രാനച്ചൻെറ കല്പനപ്രകാരം സെമ്മിനാരി നടത്തുന്നതിനു ആവശ്യപ്പെട്ടിരിക്കുന്നതുകൊണ്ടും അവിടേക്കു പോയി.

൧൮൩൧-ാം കാലം ഇടവം ൧൧-ാംനു പെ. ബ. അച്ചൻ വന്നു കൊവേന്തക്കു കല്ലിടാമെന്നു കല്പിച്ചിരുന്നു. ഠരം അവധിക്കു കല്ലിടുവാനും കപ്പേളയിൽ കുൎബ്ബാന ചൊല്ലുവാനും നിശ്ചയിച്ചിരിക്കുന്നു, എന്നുള്ള അറിയിപ്പു അച്ചൻെറ ശിഷ്യരും സ്നേഹിതരും ആയ പട്ടക്കാൎക്കെല്ലാവൎക്കും കൊടുത്തയച്ചു. എന്നാൽ ദിവസം അടുത്തു വന്നപ്പോൾ മെത്രാനച്ചനു കൈകാൽ ഒക്കെയും ഒരുതരം വലിയ ചിരങ്ങുണ്ടായതിനാൽ കല്ലിടുന്നതിനുള്ള മനസ്സു അല്പം തണുത്തു. ആകയാൽ പോരൂക്കര അച്ചനും, അച്ചനും, പാസ്സാൾ പാദ്രി അച്ചനും അധികം സാദ്ധ്യപ്പെട്ടപേക്ഷിച്ചതിനാൽ ഒരു പ്രകാരം സമ്മതിച്ചു കല്ലിടുന്നതിന്നായി വന്നു. പെ. ബ. മെത്രാനച്ചനു സുഖക്കേടാകയാൽ, പള്ളിപ്പുറത്തച്ചൻ കല്ലിടട്ടെ എന്നും, അച്ചനു പാടില്ലെങ്കിൽ പോരൂക്കര അച്ചൻ ആകട്ടെ എന്നും ഇങ്ങനെ അവരുടെ ഉപവിയാലും എളിമയാലും കുറെ തൎക്കിച്ചു എങ്കിലും പോരൂക്കര അച്ചൻതന്നെ കല്ലിടുന്നതിനു തീൎച്ചപ്പെടുത്തി. ആരുടെ നാമത്തിൽ വേണമെന്നതിന്മേൽ മൂന്നു അഭിപ്രായമായി. യോഹന്നാൻ മാംദാനായുടെ നാമത്തിൽ വേണമെന്നു പെ. ബ. മെത്രാനച്ചനും, ദൊമ്മനീക്കോസു പുണ്യവാളൻെറ നാമത്തിൽ വേണമെന്നു ഞങ്ങളു

marggam DIGITAL PUBLISHING
www.marggam.org



ടെ അച്ചനും, യൌസേപ്പ പുണ്ണ്യവാളന്റെ നാമത്തിൽ വേണമെന്നു പോത്രുക്കര അച്ചനും പറഞ്ഞു. ഇതു മൂന്നും പറഞ്ഞു കഴിഞ്ഞപ്പോൾ പെ. ബ. മെത്രാനച്ചനും, ഞങ്ങളുടെ അച്ചനും പോത്രുക്കര അച്ചന്റെ നിശ്ചയം തന്നെ എല്ലായിലുംനന്നു എന്നുറച്ചു പെ. ബ. മെത്രാനച്ചൻ നിന്നുകൊണ്ടു പോത്രുക്കര അച്ചനെക്കൊണ്ടു യൌസേപ്പ പുണ്ണ്യവാളന്റെ നാമത്തിൽ കൊവേന്തപ്പള്ളിക്കു അടിസ്ഥാനമിടുവിച്ചു. ൧൮൬൩-ാംകാലം, പെ. ബ. മെറല്യോസു മെത്രാനച്ചനു പകരം, പെ. ബ. പ്രംസീസ്സ് ശൌയ്യാർ മെത്രാനച്ചൻ വന്നു. അച്ചന്മാരും ചെന്നുകണ്ടു. പ്രംസീസ്സോസു ശൌയ്യാർ മെത്രാനച്ചൻ, പോത്രുക്കര അച്ചൻ മാന്നാനം വിട്ടു കായംകുളം പിള്ളതോപ്പു ഇങ്ങനെ കൊല്ലം മിസ്സത്തിലുള്ള പള്ളികളിൽ വികാരിആയിട്ടു പോകണമെന്നു ഒരു കല്പന പോത്രുക്കര അച്ചനു അയച്ചു. ഇതിനാൽ ൦രം ദേഹം മല്പാനച്ചന്റെ പക്കൽ വന്നു ആലോചിച്ചു. എങ്കിലും മേല്പട്ടക്കാരുടെ കല്പന ദൈവത്തിന്റെ തിരുമനസ്സാകയാലും പക്ഷെ നമ്മുടെ ചൊല്ലുവിളി പരീക്ഷിപ്പാനായിട്ടുതന്നെ കല്പിച്ചതൊ എന്നും അറിവാൻ വഹിയായ്കയാലും യാതൊരു സങ്കടം പറയാതെ പോകണമെന്നത്രെ ഇനിക്കു തോന്നുന്നതെന്നു ആ ദേഹം തന്നെ പറഞ്ഞു. അങ്ങനെതന്നെ ആകട്ടെ എന്നു മല്പാനച്ചനും പറഞ്ഞു ആ ദിക്കുകൾക്കു പോത്രുക്കര അച്ചൻ പോയി.

അനന്തരം പെ. ബ. മെത്രാനച്ചൻ മല്പാനച്ചനോടു കല്പിച്ച കാൎയ്യങ്ങൾ എല്ലാം എത്രയും വലിയ കീൎത്തഴകത്തോടുകൂടെ നിറവേറുന്നതിനാലും, അപ്രകാരം തന്നെ പോത്രുക്കര അച്ചൻ കല്പന കേട്ടു തെക്കോട്ടു പോയി വികാരിത്വം നടത്തിയതിനാലും, മെത്രാനച്ചനു വളരെ സന്തോഷവും താല്പൎയ്യവും ആയിരുന്നു. ഇതിനിടയിൽ പോത്രുക്കര അച്ചൻ പിള്ളതോപ്പു മുതലായ പള്ളികളിൽ വികാരിത്വം കഴിഞ്ഞു വന്നു. ആ ദേഹം കൊല്ലത്തുനിന്നു ഒരു പണിക്കാരനെ കൊണ്ടുവന്നു. അവൻ മരപ്പണിയും കൽപ്പണിയും തിരിയുന്നവനാകയാൽ പള്ളിക്കും പള്ളിയിൽ നിന്നു വടക്കോട്ടുമുള്ള മുറികൾക്കും അടിസ്ഥാനമിട്ടു പണി തുടങ്ങി. ഇതിനിടയിൽ അച്ചനോടു പഠിക്കുന്നതിൽ അതിരമ്പുഴക്കാരു ആലഞ്ചേരി എന്നും, വല്യ പറമ്പൻ എന്നും രണ്ടു ശമ്മാച്ചന്മാരു എളുപ്പംകൊണ്ടും അച്ചൻ കൂടക്കൂടെ വന്നു താമസിക്കയാലും ഇവിടെ പാൎത്തു വന്നു. ഇവിടെ അച്ചന്മാരുടെ അഭിപ്രായം രണ്ടായി. മല്പാനച്ചനു പഠിത്വവും ശമ്മാച്ചന്മാരും കൂടെ വേണം. അല്ലാഞ്ഞാൽ പള്ളിക്കടുത്ത ശുശ്രൂഷ ആഘോഷമായി ചെയ്വാനും ജനങ്ങൾക്കു നമ്മുടെ മേൽ താല്പൎയ്യമുണ്ടാകുന്നതിനും കൊവേന്തക്കു ആളുകളെ കിട്ടുന്നതിനും പാടുണ്ടാകയില്ല. ആകയാൽ സെമ്മിനാരിയും പഠിത്വ

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

വും ഒരു ഭാഗത്തും മറുഭാഗത്തു കൊവേന്തയും ആയിരിക്ക അത്രെ വേണ്ടതു്, അല്ലാഞ്ഞാൽ ഈ ദിക്കിലെ മുറസ്സു നടക്കുന്നതിന്നു പ്രയാസം. പൊത്രക്കര അച്ചന്റെ അഭിപ്രായം, സിമ്മിനാരി ആയിട്ടു പഠിപ്പിച്ചുവന്ന സ്ഥലങ്ങൾ മിക്കതും കാലദീൎഘം കൊണ്ടു് നശിച്ചു വീണത്രെ കണ്ടുവരുന്നതു്. ഇവരെ ചൊവ്വെ വളത്തിക്കൊണ്ടു പോകുന്നതിന്നു പ്രയാസം. കൊവേന്ത എന്നു ലാക്കുവച്ചതിനാൽ ദൈവശരണമല്ലാതെ മാനുഷ ശരണം നോക്കുന്നതായാൽ നേരെ വിഘ്നവും ആണു്. എന്നാവരികിലും പൊത്രക്കര അച്ചൻ മല്പാനച്ചന്റെ മനസ്സിന്നും ആഗ്രഹത്തിന്നും കീഴ്വഴങ്ങി. ആയതിനാൽ ഈ ശമ്മാച്ചന്മാരും മാന്നാനത്തു തന്നെ പാൎത്തുവന്നു. വടക്കോട്ടുള്ള മുറിയുടെ താഴത്തെ മുറിയിൽ ഒരു പ്രകാരം പാൎപ്പാറായി, അപ്പോൾ മല്പാനച്ചന്നു അൎശ്ശസ്സിന്റെ ചടപ്പാൽ ക്ഷീണിച്ചും മാന്നാനത്തു വന്നാൽ അധികമായി തണുപ്പു കാററാൽ താമസിപ്പാൻ പാടില്ലാതെയും ആകയാൽ ഏറിയതും പള്ളിപ്പുറത്തു തന്നെ പാൎത്തു. ക്രമേണ വടക്കോട്ടുള്ള മുറിയുടെ മുകളിലത്തെ തട്ടിലും പാൎപ്പാറായി. ചിലരൊക്കയും പഠിപ്പാനായി വന്നുകൂടി. ഒരു മുഴുവൻ ധ്യാനം കഴിഞ്ഞ ശേഷം കൊവേന്തക്കായി പഠിപ്പാൻ മനസ്സുള്ളവർ ആരാനുമുണ്ടെങ്കിൽ അറിയിക്കണമെന്നും, അവരു മുകളിൽ പാൎക്കയും മററവരു താഴത്തു് പാൎക്കയും വേണമെന്നും പറഞ്ഞു. ഇതിന്മേൽ ചിലൎക്കു ഇഷ്ടക്കേടായി. മല്പാനച്ചന്റെ പക്കൽ, മല്പാനച്ചൻ ഇവിടെ ഇല്ലാത്ത സമയത്തിൽ പൊത്രക്കര അച്ചന്റെ ഗുണദോഷത്താൽ ഞങ്ങളെ താഴത്തിറക്കി, ഏതാനുംപേരെ മുകളിലും കേററി ഇരുത്തി എന്നും മററും സങ്കടം ബോധിപ്പിച്ചു. ഞാൻ പള്ളിപ്പുറത്തു മല്പാനച്ചന്റെ പക്കൽ ചെന്നപ്പോൾ മല്പാനച്ചൻ അങ്ങനെയെന്നും, ഇങ്ങനെയെന്നും ഒന്നും പറയാതെ സാരമില്ലാത്ത കാൎയ്യം എന്നപോലെ ആക്കി. മററു കാൎയ്യങ്ങൾ ഒക്കയും പറഞ്ഞു് വേഗത്തിൽ ശേഷമുള്ള പണികൾ ഒക്കയും തീൎത്തു, ആ വടക്കോട്ടുള്ളതു എല്ലാം തട്ടുമിട്ടു ഓടുമിട്ടുവാൻ ഇടയായി എങ്കിൽ കൊള്ളായിരുന്നു എന്നും, ആയതിനു വക എന്തെന്നും ആലോചിച്ചു പോരികയും ചെയ്തു.

ഇപ്പോൾ തടിക്കു ഇവിടെ വിലക്കൂടുതലാകയാൽ ധൎമ്മം വാങ്ങിക്കുന്നതിന്നും, തടിവാങ്ങിക്കുന്നതിന്നുമായി ആരക്കുഴ, മയിലക്കൊമ്പു, കാരക്കുന്നം, കോതമങ്ങലം മുതലായ സ്ഥലങ്ങളിൽ ചുററി തടികൾ വെട്ടിഏററിപ്പിച്ചു പടങ്ങുമ്മേൽ വെപ്പിച്ചു വൎഷം തുടങ്ങുമ്പോൾ ഇറക്കത്തക്കവണ്ണം ചട്ടംകെട്ടി പോന്നു. പിന്നെ യാക്കൊയെ വിട്ടു അന്വെഷിപ്പിച്ചും വീണ്ടും തടിക്കു ചട്ടംകെട്ടിച്ചുമിരുന്നു. അച്ചന്നു ദീനം കൂടുതലാകയാൽ ഞാൻ ഇവിടെയും പള്ളിപ്പുറത്തുമായി താമസിച്ചു വരികയിൽ, [illegible]ാം കാലം മകരം

൧൩-ാം൹ ശനിയാഴ്ച അതായതു വെള്ളിയാഴ്ച പാതിരാകഴിഞ്ഞു ഞങ്ങളുടെ മല്പാനച്ചനും സഭയുടെ സ്ഥാപകനുമായ പള്ളിപ്പുറത്ത് പാലക്കൽ തോമ്മാച്ചൻ മരിച്ചു. ൪൧-വരെ ദിവസേന അവിടെ റാസ ചൊല്ലി. പിന്നെയും ഇരുപത്തെട്ടുതോറും ചൊല്ലി. അപ്പരവരു പാൎക്കുന്ന ഇടങ്ങളിൽ തിങ്കളാഴ്ചതോറും ഓരൊ റാസയും, ൩൩൦ കുബ്ബാനയും ചൊല്ലുവാൻ നിശ്ചയിച്ചു, ഈരണ്ടു റാസയും പതിമൂന്നു കുബ്ബാനയും ഓരോരുത്തരു ഏററു നിറവേററി.

നാല്പത്തൊന്നു, ശിഷ്യരുടെ പേക്ക കഴിച്ചു. അയതിനു പട്ടക്കാരുടെ പേക്ക ൧൨൦ ചക്രവും ശെമ്മാച്ചന്മാരുടെ പേക്ക ൩൦ ചക്രവും വീതം എടുത്തു. ഇതുകൊണ്ടു നാല്പത്തൊന്നാം കഴിച്ച് മൂവായിരം ചക്രം കുബ്ബാനയും ധൎമ്മവും വകസ്സു കൊവേന്തയിൽ ഇട്ടിരുന്നു. കവറടക്കത്തിനു പള്ളിപ്പുറം, മുട്ടം, വെച്ചൂർ, തത്തമ്പള്ളി, ആലപ്പുഴ, ചേന്നങ്കരി, ചമ്പക്കുളം, എടത്വാ ഇങ്ങനെ എട്ടു ദേശനക്കാരും അവരുടെ കുരിശു മുതലായ കോപ്പുകളും, തയിക്കാട്ടുശേരി, ചെമ്പു, പാറവൂർ, ഞാറക്കുന്നത്തി, മുട്ടുചിറ കുടമാളൂർ ഇങ്ങനെയുള്ള ഇടവകക്കാരും അവരുടെ കോപ്പുകളുംകൊണ്ടുവന്നു. അന്നത്തെ വെട്ടകം, മെഴുകുതിരി, പള്ളിക്കാരുടെ ചിലവ് മുതലായതൊക്കയും പഴെകടവിലച്ചനും, മുട്ടത്തുകാരൻ യോഹന്നാൻ കത്തനാരച്ചനുംകൂടെ ചിലവിട്ടു. യോഹന്നാൻകത്തനാരച്ചൻ പ്രത്യേകം ഉത്സാഹവും, താല്പൎയ്യവും വെച്ചതിനാൽ ഒന്നിന്നും കുറവുകൂടാതെ എല്ലാം ശുഭമായി പൎയ്യവസാനിച്ചു.

marggam DIGITAL PUBLISHING www.marggam.org



### ക. ദി. മൂ. സഭക്കാരുടെ അടിസ്ഥാനക്കാരനും രണ്ടാമത്തെ ശ്രേഷ്ഠനുമായ കല്ലൂക്കാട്ടു പള്ളി ഇടവകക്കാരൻ പോരൂക്കരെ പെ. ബ. തോമ്മാ മല്പാനച്ചന്റെ

# ചരിത്രം.

(പെ. ബ. പ്രിയോർ കുറിയാക്കോസച്ചനാൽ എഴുതപ്പെട്ടതു.)

ഠരംദേഹം വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ ഭരണത്തിൻ കീഴുള്ള പ്രധാന പള്ളിയായ കല്ലൂക്കാട്ട ഇടവകയിൽ പോരൂക്കര തറവാട്ടിൽ ഇട്ടിക്കുരുവിള ത്തരകൻ, മറിയം എന്ന ദൈവഭക്തിയും അറിവും ഗുണശീലവുമുള്ള മാതാപിതാക്കന്മാരിൽ നിന്ന് ൧൮൦൦–ാംകാലം ജനിച്ചു. തന്റെ കൂടപ്പിറപ്പുകളായി നാലു സഹോദരരും മൂന്നു സഹോദരികളും ഉണ്ടായിരുന്നു. ഈദേഹം എല്ലാവരിലും മൂത്തവനും പൈതൽ പ്രായത്തിലേതന്നെ എല്ലാവരും സന്തോഷിപ്പാൻ തക്കവണ്ണം പരമാൎത്ഥം, സാധുത്വം മുതലായ സൽഗുണങ്ങളാൽ തമ്പുരാനും മാനുഷൎക്കും ഇഷ്ടമുള്ളവനായിരുന്നു. ചെറു പ്രായത്തിൽ എഴുത്തും വായനയും പഠിച്ചു. അതിനാൽ പള്ളിയിൽ തന്നെക്കൊണ്ടു വലിയ വേദോപദേശം വായിപ്പിച്ചിരുന്നു. ബുദ്ധി സാമൎത്ഥ്യവും ഗുണശീലവുംകണ്ടു, പട്ടത്തിന്നായി പഠിപ്പിക്കേണമെന്ന് തന്റെ കാരണവരായിരുന്ന പോരൂക്കര മൂപ്പച്ചനും ശേഷം പേരും നിശ്ചയിച്ചു. അക്കാലത്തിൽ സംബന്ധക്കാരും കീൎത്തിപ്പെട്ട മല്പാന്മാരുമായിരുന്നവരു പഠിപ്പിച്ചിരുന്ന വടയാറു സിമ്മനാരി, കുമരകത്തു സിമ്മനാരി മുതലായതിലാക്കുവാൻ പലതിനാലും ഇടയുള്ളതായിരുന്നു. എങ്കിലും തന്റെ പിതാവു മഹാ ബുദ്ധിയും, വിശേഷാൽ അധികദൈവഭക്തിയും ജ്ഞാനഅറിവുമുള്ളവനായിരുന്നതിനാൽ പഠിനത്തിന്റെമേൽ താല്പൎയ്യംവെച്ചു തമിഴിൽനിന്നു ജപപുസ്തകം, സുവിശേഷ വിരെത്തുര, മുതലായ പുസ്തകങ്ങൾ താൻ എഴുതിയെടുക്കയും പുസ്തകം പിടിച്ചു പൂജ കാണുകയും മററുമുള്ള ജ്ഞാനക്രമത്തിന്റെ തുടക്കക്കാരൻ എന്നപോലെ ആയിരുന്നു. അഞ്ചുതെങ്ങിൽനിന്നു ഇംഗ്ലീഷ്, പോൎത്തുഗീസു, മുതലായ പേച്ചുകൾ പഠിപ്പിക്കുന്നതിനായിട്ട അധിക ശമ്പളംകൊടുത്തു മേസ്തിരിയെ വരുത്തി തന്റെയും മററും പൈതങ്ങളെ പഠിപ്പിക്കയും, ദൈവശുശ്രൂഷികൾക്കുടുത്ത സ്ഥിതിയിൽ ആയിരിക്കണം പട്ടക്കാരു, എന്നുള്ള ആഗ്രഹത്താൽ വരാപ്പുഴെ അപ്പസ്തോലിക്കാ സിമ്മനാരിയിൽ, പഴെ മുറവിട്ടു അയക്കണമെന്നു നിശ്ചയിക്കയും ചെയ്തു. അതേപ്രകാരം ഞാറയ്ക്കൽ ചെറിയാൻ കുഞ്ഞുന്നെന്ന അപ്പസ്തോലിക്കാ മല്പാനച്ചൻ കല്ലൂക്കാട്ട കണക്കു കേൾവിക്കായി ചെന്നിരുന്നപ്പോൾ

www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

margam DIGITAL PUBLISHING
www.marggam.org



യോഗക്കാരെ കൂട്ടി അപേക്ഷ അറിയിക്കുകയും എല്ലാവരുടെ സ
ന്തോഷത്തോടുകൂടെ ദൈവാശീൎവാദത്തിന്നായി മൂന്നു പട്ടക്കാരുടെ
കുൎബ്ബാനയും നടത്തി, മാർ തോമ്മാശ്ലീഹായുടെ അൾത്താരിയിങ്കൽ
നേർച്ചയും വെച്ചു പ്രാൎത്ഥിച്ചുകൊണ്ടു പഠിനവും തുടങ്ങിച്ചു പഠി
പ്പാൻ അയക്കുകയും ചെയ്തു. എന്നാൽ തന്റെ പിതാവിന്റെ ശ്രദ്ധ
ലാക്കിനു തക്കവണ്ണം ലോക പ്രപഞ്ചങ്ങളിലും വീട്ടുകാൎയ്യങ്ങളിലും
കലരാതെ ദൈവ ശുശ്രൂഷയിൽ കാലം പോക്കണമെന്നുള്ള ആഗ്ര
ഹപ്രകാരം സിമ്മനാരിയിൽ തന്റെ മല്പാനച്ചനും യജമാനന്മാ
രും കൂട്ടുകാരും വിസ്മയിപ്പാനും സന്തോഷിപ്പാനും തക്കവണ്ണം പഠി
നകാൎയ്യത്തിലും പുണ്യജീവിതത്തിലും ജീവിക്കയാൽ മല്പാനച്ചനും
മറ്റും വളരെ പ്രിയവും സമ്മതവും ആയിരുന്നു.

൧൮൧൭-ാം കാലം ഇടവം ൧൭-ാംനു പത്രോസു ദെൽക്കാന്തര
എന്ന ബോംബയുടെ മെത്രാനച്ചനിൽനിന്നു ആസ്തപ്പാടു ഏറ്റു. ൧൮
വയസ്സിൽ നാലാം പട്ടമായിരിക്കുമ്പോൾ ൧൮൧൮-ാം കാലം ത
ന്റെ പിതാവു നാല്പത്തൊന്നു വയസ്സു പ്രായത്തിൽ മരിക്കയാൽ എ
ല്ലാംകൊണ്ടും വളരെ വ്യാകുലം അനുഭവിച്ചു. ചെറിയപട്ടങ്ങൾ
ഉള്ള കാലത്തിൽതന്നെ നാളാഗമം അതായതു, വൎത്തമാനങ്ങൾ എ
ഴുതി വന്നിരുന്നു. പടാൎത്ഥയും നിത്യമായിട്ടെന്നപോലെ എല്ലാവ
ൎക്കും വളരെ സന്തോഷമാകാൻ തക്കവണ്ണം പുത്തൻ കുൎബ്ബാനകൾ
ക്കും, തിരുനാളുകൾക്കും മല്പാനച്ചൻ പറയിച്ചിരുന്നു. പൊതുപ്പരീ
ക്ഷകളിൽ ജയിച്ചിരുന്നു. ഉത്സാഹം എത്രയും അധികവും സഭയിൽ
അധിക ശോഭയും ഉണ്ടായിരുന്നു. ൧൮൨൯-ാം കാലം കന്നിമാസം
൨൨-ാംനു കുൎബ്ബാനപ്പട്ടമേറ്റു. ടി. തുലാമാസം ൨൯-ാംനു ഞാ
യറാഴ്ച ഘോഷത്തോടുകൂടെ പുത്തൻ കുൎബ്ബാന ചൊല്ലുകയും ചെ
യ്തു. ഉടൻതന്റെ ഇടവകയാകുന്ന കല്ലൂർക്കാട്ടു വികാരിയായി.

ആ കാലങ്ങളിൽ പട്ടക്കാരു ളോവ ഉടുത്തു നടക്ക മൎയ്യാദ ഇല്ലാ
യിരുന്നു. എങ്കിലും വരാപ്പുഴ സിമ്മനാരിയുടെ മുറയ്ക്കു പട്ടമേറ്റ നാ
ൾമുതൽ താൻ അപ്രകാരം ക്രമത്തോടെ നടന്നുവന്നു. അക്കാലത്തി
ൽ വളരെ പട്ടക്കാരു വയസ്സും പ്രായവും ചെന്നവരും ഉണ്ടായിരു
ന്നു. എങ്കിലും തന്റെ സാധുത്വത്താലെയും വിവേകത്താലെയും
വഴക്കുകൾക്കും മറ്റും ഇടവരാതെ പലപല നല്ല മൎയ്യാദകളെ ന
ടത്തുകയും പൂൎവീക അപമൎയ്യാദകളെ നീക്കുകയും ചെയ്തു. അക്കാല
ത്തിൽതന്നെ റബേക്കകൊട്ടും പാട്ടുകളും പഠിപ്പിക്കുന്നതിന്നായി
തെക്കുനിന്നു ഒരു മേസ്തിരിയെ കൊണ്ടുവന്നു തന്റെ സഹോദരരു
മുതലായി പലരേയും പഠിപ്പിച്ചു. പള്ളിയിൽ പാട്ടുകളും കൊട്ടുക
ളും നടന്നു. ആകാലം പള്ളിപ്പുറത്തും നടന്നു. സിമ്മിനാരിയിൽ
വെച്ചു തന്നെ ബുധൻ കിഴമ പ്രസംഗം വായിച്ചു യൌസേപ്പു പി
താവിന്റെമേൽ ഭക്തിയായിരുന്നതിനാൽ ആ ഭക്തി വൎദ്ധിപ്പിക്കുന്ന

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

തിലേക്കായി ഒരു സഭക്കൂട്ടമുണ്ടാക്കി, ബുധനാഴ്ചതോറും കൂടി ഓരോ പ്രസംഗം വായിക്കയും ചില ജപങ്ങൾ എത്തിക്കയും ചെയ്തിരുന്നു. ഒരു സ്വരൂപം വാങ്ങിക്കുന്നതിന്നായി ഓരോ ചക്രം പിരിച്ചു കീൎത്തിപെട്ട പണിക്കാരനായിരുന്ന കൊച്ചുകുട്ടി മേസ്തിരിയെ ഏല്പിച്ചിരുന്നതു മാൎന്നാനത്തിൽ കൊവേന്ത തുടങ്ങിയപ്പോൾ വന്നുചേൎന്നു. ആയതു പ്രധാന അൽത്താരിയിൽ ഇരിക്കുന്നു. ഠരം ഭക്തിവഴിയായിട്ടു കല്ലൂക്കാട്ടും പെരുനാൾ തുടങ്ങി, തന്റെ ആഗ്രഹംപോലെ അനേകകാലം വീട്ടുകാരു നടത്തി. ഇപ്പോൾ കൊമ്പരിയായിസ്ഥാപിച്ചു എത്രയുംപ്രബലപ്പെട്ടു. ഞായറാഴ്ചതോറും പള്ളികളിൽ പടാൎത്ഥ പറയുന്ന ക്രമവും തന്നാലെ തുടങ്ങിയതുപോലെയായിരിക്കുന്നു. രണ്ടുവൎഷം കല്ലൂക്കാട്ടു വികാരിത്വം ഭരിച്ചശേഷം അതായതു, ൧൦൨൬-ാംകാലം ചിങ്ങം ൧൭-ാംനു മുതൽ തങ്കച്ചേരി പുത്തമ്പള്ളിയുടെ വികാരിയായി കല്പിക്കയാൽ അവിടെ വികാരിയായി. ആ ദേശക്കാരു എല്ലാവരും വിസ്മയിക്കാൻതക്ക പുണ്യമാതൃകയാലും ജ്ഞാന പടാൎത്ഥകളാലും ഏററിക്കപ്പെട്ട ഉത്സാഹത്താലും, നല്ല ഭരിപ്പു ഉണ്ടായിട്ടില്ലാ എന്നിരിക്കുന്ന ആ ദിക്കിൽ, ഇടിയാലെ ഭൂമി ഇളകി പഞ്ചഫലാദികളെ മുളപ്പിക്കുന്നതുപോലെ, ഏറിയ കാലമായി കുമ്പസാരിക്കാതിരുന്നവരേയും ഏറിയ ദുൎന്നടപ്പുകാരെയും വലിയവരായിട്ടും ചെറിയവരായിട്ടുമുള്ളവരെയും ദൈവഭയത്താൽ ഇളക്കി ഭക്തിക്കാരാക്കി. ഇന്നും ആ ഓൎമ്മവിടാതെ ഭക്തിക്കാരായിരിക്കുന്നവരുമുണ്ടു. ശനിയാഴ്ചതോറും കൂട്ടമായിട്ടു വരുന്ന ഭിക്ഷക്കാൎക്കു സൽബുദ്ധി പറഞ്ഞു കെട്ടത്തു് അവരോടുകൂടെ പള്ളിയിൽപോയി അൻപത്തുമൂന്നുമണി എത്തിച്ചിട്ടു ഭിക്ഷ കൊടുത്തയച്ചിരുന്നു. നിത്യവും സന്ധ്യസമയം പൈതങ്ങൾ പള്ളിയിൽ വരുന്നതിനു ചട്ടമിട്ടു പ്രാൎത്ഥന നമസ്കരിച്ചിരുന്നു. കുമ്പസാരിപ്പാൻ വരുന്നവൎക്കു ആസ്കപ്പാടു ചൊല്ലിക്കൊടുത്തു കുമ്പസാരിപ്പിച്ചിരുന്നു. അടുക്കലടുക്കെ ഭക്തിയായിട്ടു കുമ്പസാരിച്ചുവരുന്ന മുറ അവിടെ തന്നിൽനിന്നു തുടങ്ങിയപോലെ തോന്നുന്നു. അതെന്ത്യേ, ഠരം എഴുത്തുകാരൻ പുസ്തകം എടുത്തു മാററിവെപ്പാൻ പാടില്ലാത്ത ചെറുപ്രായത്തിൽ കുൎബാനസ്സു കൂടുന്നതു പഠിച്ചു, അപ്പോൾ ഠരം വേലക്കായി അവിടെ പാൎത്തിരുന്നു. കണ്ണാലെ ഇതൊക്കയും കണ്ടതുപോലെ ആയിരിക്കുന്നു. തന്റെ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവസ്നേഹാധിക്യത്താലെ ഞായറാഴ്ച തിരുനാൾകളിൽ മഹാ എരിവോടുകൂടെ പറഞ്ഞുവന്നിരുന്ന പടാൎത്ഥകളാലും പുണ്യജീവിതത്താലും പോൎത്തുഗീസ് ഭാഷ സിമ്മനാരിയിൽ വെച്ചു പഠിച്ചിരുന്നതുമല്ലാതെ കുൎബാന ഒഴികെ ശേഷമുള്ള വേസ്പര, കുമ്പഞ്ഞിമേന്തു് മുതലായ കൎമ്മങ്ങൾ ലത്തീനിൽ നടത്തിവന്നതിനാലും വിശേഷമായ തന്റെഭരിപ്പാലും ആ ദിക്കുകാൎക്കു ഒക്കെയ്ക്കും ബഹു സമ്മതമായിരുന്നു. ഇതിനും പുറമെ പെ. ബ. മണ

marggam DIGITAL PUBLISHING
www.marggam.org



വേൽ ഗോവൎണ്ണദോരച്ചനും, വികാരി ജനരാൾ യൗസേ മരിയാ പാദ്രി അച്ചനും, കൊല്ലം, തുയം മുതലായ പള്ളികളിലുള്ള പ്രധാനികൾക്കും, ആ കാലത്തിൽ ദിവാൻ കച്ചേരിയും, റസിഡണ്ടു ആപ്പീസും കൊല്ലത്തു ആയിരുന്നതിനാൽ ഏറിയ ഉദ്യോഗസ്ഥന്മാരു തങ്കച്ചേരിയിലും മററും ഉണ്ടായിരുന്നതിനാൽ ആയവൎക്കൊക്കെക്കും വളരെ സമ്മതമായിരുന്നു. ലോക പ്രപഞ്ചമല്ലാതെ ജ്ഞാന ജീവിതം അറിയാത്തപോലെ ഇരുന്നരാജ്യം ഒന്നു പകൎന്നു മേസ്റ്റർ ലേമീസിൻെറ വീടു, മേല്ലൊ എന്ന വീടു മുതലായതു മഠങ്ങൾപോലെ ആയിത്തീൎന്നു.

പിതാവു മരിച്ച മുഖാന്തരം ഒരു മനോഗുണപ്രവൃത്തി എന്നപോലെ പുത്തൻകുർബാന ചൊല്ലിയതു മുതൽ തള്ളയേയും കൂടപ്പിറപ്പുകളേയും സന്ധിച്ചും പരിപാലിച്ചും പഠിപ്പിച്ചും നടത്തിവന്ന ഒരു ഭാരം തന്നിൽ നിന്നു ഒഴിഞ്ഞു വേണ്ടുംവണ്ണം നടന്നു പോകണമെന്നുള്ള താല്പൎയ്യത്താലും, പിതാവു ഉദ്യോഗസ്ഥനായിരുന്നതിനാൽ അനുജനു ആയതിന്മേൽ ആഗ്രഹമായിരിക്കയാലും, റസിഡാൻസിയിൽ ഒന്നാം റയിട്ടരായിരുന്ന മേസ്റ്റർ ഡൊന്നോ, രണ്ടാമത്തവൻ ലേവീസ് ഇവരു ഇങ്ങോട്ടു പറകയാലും റസിഡൻണ്ട് ആപ്പീസിൽ രായസമായിട്ടു അനുജൻ അന്തോനിയെ ആക്കി. ലോകപ്രപഞ്ചത്തിൽ മോശമായിപ്പോകാതിരിപ്പാൻ സൂക്ഷത്തിന്നായി ലേമീസ് ദുരയെ ഏല്പിച്ചു.

ഇങ്ങനെ ഏറക്കുറെ രണ്ടു വൎഷത്തോളം തങ്കച്ചേരിയിൽ ഇരിക്കുമ്പോൾ എ. പെ. ബ. മൌറല്യോസു മെത്രാനച്ചൻ വരാപ്പുഴ ഇൻന്തലീനാ വികാരിഅപ്പസ്തോലിക്കാ ആയിട്ടു വരികയും പാലക്കൽ തോമ്മാ മല്പാനച്ചൻെറയും, സ്നേഹിതൻ പാസ്കാൾ പാദ്രി അച്ചൻെറയും താല്പൎയ്യത്താൽ സക്രത്താരി വേലയ്ക്കായിട്ടു കല്പന വരികയാൽ ൧൦൨൪-ാം കാലം മീനമാസം ൧൯-ാംനു വരാപ്പുഴെ ചെന്നുചേൎന്നു. ആ വേലയിൽ പാൎത്തിരിക്കുമ്പോൾ സിമ്മനാരിയിൽ പാൎത്തിരുന്ന കാലത്തിൽ തന്നെ, പള്ളിപ്പുറത്തു് ഞങ്ങളുടെ വലിയ പിതാവു തോമ്മാ മല്പാനച്ചൻ ഒരു ജ്ഞാന സൂൎയ്യനെപ്പോലെ പെ. ബ. തച്ചിൽ അബ്രാഹം മല്പാനച്ചനോടു പഠിച്ചു് കുറെനാൾ പാൎത്തിരുന്നു. അപ്പോൾ തന്നോടുള്ള അടുപ്പവും സ്നേഹവും തുടങ്ങി. പിതാവായിട്ടും മഹാ സ്നേഹിതനായിട്ടും സ്നേഹിച്ചു വന്നു. ഠരം മെത്രാനച്ചൻ ഇവരുടെ അവസ്ഥയും ഗുണശീലവും കണ്ടു് മഹാ പുണ്യവാനായിരുന്ന താൻ ഇവരെ ഏററവും സ്നേഹിച്ചു് വിശേഷ കാൎയ്യങ്ങൾക്കു വരുത്തി ആലോചിച്ചിരുന്നു. അവിടെവച്ചു വലുതായ ഒരു പനി ഉണ്ടായി എങ്കിലും ദൈവസഹായത്താൽ പൂൎണ്ണ സൌഖ്യംപ്രാപിച്ചു. വരാപ്പുഴെ എല്ലാ ഞായറാഴ്ചകളിലും തിരുനാളുകളിലും വിസീത്തക്കു പോകുമ്പോൾ എല്ലാം പള്ളികളിലും പടാൎത്ഥ, തന്നെ



www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ക്കൊണ്ടു പറയിച്ചിരുന്നു.

ഇങ്ങനെ നടന്നു വരുമ്പോൾ അഞ്ഞൂററിക്കാൎക്ക പട്ടം കൊടുത്തുകൂടാ എന്നു ഏഴുനൂററിക്കാരരു കൂട്ടമായി വിരോധിക്കയാൽ പെ. ബ. മെത്രാനച്ചനു സങ്കടമായി, ഇപ്രകാരം ഉള്ളവരെ ഭരിക്കുന്നതു കഴിയുന്നതല്ല, പോകണമെന്നു നിശ്ചയിച്ചിരിക്കുന്ന ഭാവം അറിഞ്ഞു. പള്ളിപ്പുറം സിമ്മ്നാരിക്കാരു മുതലായ ശെമ്മാച്ചന്മാരും, പള്ളിക്കാരും, അഞ്ഞൂററിക്കാരും പോകരുതെന്നും, ഏതു പള്ളിയിൽ എങ്കിലും ഇരിക്കാമെന്നും എല്ലാവരും കൂടെ മുട്ടിക്കയാൽ അത്തുങ്കൽ പള്ളിയിൽ വന്നു താമസിച്ചു. ഇങ്ങനെയിരിക്കയിൽ ഇവരുടെ ഉള്ളിൽ അനേക കാലമായി കരുതിയിരുന്ന അപേക്ഷ മെത്രാനച്ചനെ ബോധിപ്പിച്ച ഉടൻ മെത്രാനച്ചൻ എത്രയും തെളിഞ്ഞു സന്തോഷിച്ചു, ഈ മലയാളത്തിൽ പൂൎവ്വം മുതൽ കൃസ്ത്യാനികൾ ഉണ്ടായിരുന്നിട്ടും ഈ കാലംവരെ ജ്ഞാനജീവിതത്തിന്നായിട്ടു തപസ്സുഭവനം ഇല്ലാത്തതിനാൽ ദൎശനമഠം പണിയിക്കുന്നതിനും സന്ന്യാസജീവിതം ആരംഭിക്കുന്നതിനും ആയിട്ടു ഇവരിരുവരെയും നിയമിച്ചിരിക്കുന്നതാകയാൽ ഇതിന്നു വേണ്ടിയ സഹായം ചെയ്യണമെന്നും മററും തന്റെ കയ്യെഴുത്താലെ പസ്തേന്തിയും ഇരുനൂറു രൂപായും ൧൲൦൬-ാംകാലം കൊടുത്തു.

പസ്തേന്തി കിട്ടിയ ഉടൻ, ആററുവഴിയായി പല സ്ഥലങ്ങളും അന്വെഷിച്ചാറെ ഓരൊരൊ കാരണത്താൽ തക്കതായി കണ്ടെത്താതെ തിരെച്ചു വന്നു അവരവരുടെ വേലയിൽ താമസിച്ചു. പസ്തേന്തി കല്ലൂക്കാട്ടു പള്ളിയിൽ കാണിച്ചിട്ടു ഇരുനൂറു രൂപായും ആയിരപ്പറ നെല്ലു കൊടുക്കത്തക്കതിന്നണ്ണം സമ്മതിച്ചു പസ്തേന്തിയിൽ കുറിച്ചു. കോയിൽമുക്ക പള്ളിയിൽ കാണിച്ചിട്ടു പതിനായിരം ചക്രം തരാമെന്നു കുറിക്കുകയും, ഉടൻതന്നെ പതിനായിരം ചക്രം അവൎക്ക കൊടുക്കുകയും ചെയ്തു. അനന്തരം ഇവർ രണ്ടു പേരും കൂടെ പള്ളിപ്പുറത്തുനിന്നു തെക്കോട്ടു പുളിങ്കുന്നിൽ ചെന്നു പുളിങ്കുന്നു പള്ളിക്കാരുമായിട്ടു പറഞ്ഞു ആയിരപ്പറനെല്ലു അവർ കൊടുക്കത്തക്കതിന്നണ്ണം കുറിക്കയും, അപ്പോൾ തന്നെ ഇരുനൂറു പറ നെല്ലു കൊടുക്കുകയും ചെയ്തു. കുടമാളൂർ കണ്ടെത്തിയ സ്ഥലത്തിനു ഉത്തരവു വരുത്തിയെങ്കിലും പട്ടേരി മുതലായവരുടെ വിരോധത്താൽ നടക്കാതെ ആയി. ഇങ്ങിനെ പലതിനാലും മനസ്സു തളൎന്നു, അതിരമ്പുഴ കുരിശുപള്ളിപോലെ ഒതുക്കമുള്ള ഒരു സ്ഥലമുണ്ടായാൽ അവിടെ അടക്കമായി ഇരുവരുംകൂടി പാൎത്തു കാലം കഴിക്കാമായിരുന്നു എന്നുകൂടെ വിചാരിച്ചു. അപ്രകാരം ഒരാണ്ടിൽ അധികം വിഷാദത്തിൽ കഴിച്ചു. പിന്നെ സക്രത്താരിവേലസ്സു വേറിട്ടു ആളെ ആക്കിയുംവെച്ചു പുറപ്പെട്ടു ഏറിയനാൾ ബുദ്ധിമുട്ടി, കടശിയായി ഈ സ്ഥലം കണ്ടെത്തി. മണ്ടപത്തുംവാതുക്കൽ ഒളശെ മുതൽപിടിക്കാ

marggam DIGITAL PUBLISHING
www.marggam.org



രൻ മുതലായവരുടെ സഹായത്താൽ മുമ്പിലത്തെ ഉത്തരവുതന്നെ ഇതിനു ഉപയോഗപ്പെടുത്തി. വിചാരണയും മററും തരകൻ മുതൽ പേരുടെ സഹായത്താൽ നിറവേററി. തഹശീൽദാരുടെ സാധനവും വാങ്ങിച്ചുംകൊണ്ടു് താൻതന്നെ കൊല്ലത്തിനുപോയി, പള്ളി വയ്ക്കുന്നതിനു കയ്യിൽ ഉത്തരവും വാങ്ങിച്ചുംകൊണ്ടു വന്നു. മുൻപിനാലെ തന്നെ പ്രിയോരു കുറിയാക്കോസു ഏലിയാ അച്ചനും ഠരം പിതാക്കളുടെ വേലയിൽ ഉൾപ്പെട്ടു് ഠരം ദൈവവേലസ്സായി പല യാത്ര കഴിച്ചു വളരെ ബുദ്ധിമുട്ടുകയും ഒന്നാമത്തെ കുമ്പാനയിൽ അപേക്ഷിക്കയും പുരത്തൻകുബ്ബാന ചൊല്ലി കഴിഞ്ഞ ശേഷം കുറെനാൾ ചേന്ദങ്കരി, പുളിംകുന്നു ഠരം സ്ഥലങ്ങളിൽ താമസിച്ചു പള്ളിപ്പുറത്തു ചെന്നു, അവിടെനിന്നു് ഇങ്ങോട്ടു വന്നപ്പോൾ ഉത്തരവു കിട്ടിയിരിക്കയാൽ താമസപ്പെട്ടാൽ യോഗ്യം. ഇപ്പോൾതന്നെ വെട്ടിത്തെളിച്ചു കുരിശു വച്ചു കപ്പേളസ്സു പണി തുടങ്ങണമെന്നു നിശ്ചയിച്ചു് ദൈവാനുക്രലത്താൽ ചീട്ടും വാങ്ങിച്ചു വെട്ടിത്തെളിച്ചു. ൧൮൩൧-ാംകാലം മേടമാസത്തിൽ ഉയപ്പിന്റെ ശേഷം ഘോഷത്തോടുക്രടെ കുരിശുംവച്ചു കപ്പേളസ്സു പണിതുടങ്ങുകയുംചെയ്തു.

കുരിശു വച്ച ഘോഷത്തിനു ക്രടിയിരുന്നതിൽ പാലാക്കാരൻ ഉള്ളാട്ടുതറെ ശമ്മാച്ചന്റെ അനുജൻ ഒരുപൈതൽ ഉണ്ടായിരുന്നു. സന്ധ്യ കഴിഞ്ഞ സമയം ലുത്തനിയാ ചൊല്ലിയ ഉടൻ അവന്റെ കാലിൽ ഏതാണ്ടു കടിച്ചപ്രകാരം അറിയിച്ചു. ഉഷ്ണവും പുകച്ചിലും വ്യസനവും ഉണ്ടായി കാണുകയാൽ താഴത്തോട്ടു കൊണ്ടുപോകുവാൻ പറഞ്ഞു. നാലാറു ചുവടു നടന്നപ്പോൾ നടപ്പാൻ പാടില്ലാതെയാകയാൽ ഒരുപ്രകാരം താഴത്തിറക്കി കളപ്പുരയിൽ ചെന്ന ഉടൻ പോരുക്കര അച്ചൻ റഹനാൻവെള്ളം അവന്റെ മേൽ തളിച്ചുകൊണ്ടു് എല്ലാവരും അപേക്ഷിക്കണമെന്നും വിഷകാരികളെകൊണ്ടു യാതൊന്നും ചെയ്യിക്കണ്ടാ എന്നും പറഞ്ഞതിൻവണ്ണം ഒന്നും ചെയ്യാതെ സൌഖ്യമാകയും ചെയ്തു.

പെ. ബ. മെത്രാനച്ചൻ കല്ലിപ്പാനായിട്ടു വന്നു് കുടമാളൂർ പാർത്തിരിക്കുന്നതിനാൽ കല്ലിടുന്നതിനു് നല്ല സമയം എന്നു നിശ്ചയിച്ചു ആ ഇടവം ൧൧-ാംനു അഗതിതാത്തിന്നടുത്തതായി മലമുകളിൽ തരകനോടു മേടിച്ച ഒരു മുളംക്രട്ടു നാലു കാട്ടുതൂണുകളിൽ നിറുത്തി കെട്ടിമേഞ്ഞു പനമ്പുകൊണ്ടു രണ്ടുമുറിയായിട്ടു കുത്തിമറച്ചു അസ്ഥമാക്കി. ആയതിൽ ഏകരപ്പെട്ടു പിതാവു് ഒരു രാത്രി പാർത്തു, പിറെറദിവസം പെ. ബ. തോമ്മാച്ചന്റെ മനസ്സിനു് മെത്രാനച്ചനും മല്പാനച്ചനും സമ്മതിച്ചു് യൌസേപ്പു പിതാവിന്റെ നാമത്തിൽ കല്ലിടുകയും ചെയ്തു. അപ്പോൾതന്നെ പിതാവിനെ കുടമാളൂരേസ്സു യാത്രയാക്കിയുംവച്ചു, താൻ അതിരമ്പുഴ പോയി ചൊല്ലുകയും ചെയ്തു.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

എന്നാൽ ഇതിനിടയിൽ ൟ കാൎയ്യം പ്രമാണിച്ചു കഴിച്ച യാത്രകളും ചെയ്തു ബുദ്ധിമുട്ടു പ്രയാസങ്ങളും വളരെ ആയിരിക്കുന്നു. ൟ പന്തലിൽ പാൎത്തുകൊണ്ടും, അതിരമ്പുഴയും മററും പോയി ചൊല്ലികൊണ്ടും, എത്രയും ഉത്സാഹത്തോടുകൂടെ കപ്പേള മുഖിത്തക്കി. അമ്പതാം പെരുനാളിൽ അതിൽ ചൊല്ലി. ഒന്നാമതായി പിതാവിൻെറ തിരുനാൾ ഘോഷമായി കൊണ്ടാടി. ൟ തിരുനാളിൻെറ രണ്ടു ദിവസം മുമ്പു കുറിയാക്കോസ് ഏലീശാ എന്ന ൟ എഴുത്തുകാരനും (അതിരമ്പുഴ ഏറിയനാൾ പാൎത്തുകൊണ്ടു സ്ഥലം അന്വേഷിച്ചപ്പോൾ കൂടെ ഉണ്ടായിരുന്നു.) തൻെറ സാമാനങ്ങളായ മേശ, കസേര മുതലായ കൂട്ടങ്ങൾ കൊണ്ടുവന്നപ്പോൾ ജ്യേഷ്ഠന്മാരോടുകൂടെ വന്നു് കടലാസുകൊണ്ടു കത്തസാൽ മുതലായതും മററും ഉണ്ടാക്കി. തിരുനാൾ കഴിഞ്ഞുടൻ പഠിപ്പാനും തുടങ്ങി, പള്ളിവേലയും നടത്തി, അന്നുമുതൽ ബേസ്റൌമ്മായിൽതന്നെ ഞാൻ പാൎത്തുവന്നിരുന്നു.

തങ്ങളുടെ ആഗ്രഹം ഒരുപ്രകാരം നിറവേറിയ ഉടൻ ഇവരുടെ ഹൃദയത്തിൽ കത്തിയെരിഞ്ഞിരുന്ന ഭക്തിയുടെ ജ്വാല പൊങ്ങുവാൻ തുടങ്ങി. അത്രുവിസ്കൂടുത്ത നമസ്കാരങ്ങളും, ധ്യാനങ്ങളും, നോയമ്പു, ഉറക്കമൊഴിച്ചിൽ, എത്രയും നീളിക്കപ്പെട്ട ഹൂദാർ നമസ്കാരം, മൂന്നനോയമ്പിൻെറ നമസ്കാരം മുതലായതുകളും ഞായറാഴ്ച, പെരുനാളുകളിൽ റാസ, പാട്ടുകുൎബ്ബാന മുതലായതുകളും പടാത്ഥയും വിശേഷ പെരുനാളുകളിൽ പാട്ടുകുൎബ്ബാന മുതലായതുകളും ഉണ്ടായിരുന്നു. പണിക്കാൎയ്യത്തിൽ വേലക്കാരോടുകൂടെ വേലകൾ ചെയ്കയും, ചിലസമയം രാത്രിയിൽ, കക്കാ, കല്ലു് മസുമോറാ പാടിക്കൊണ്ടു ചുമക്കുകയും, എല്ലാപ്പോഴും പണിക്കാരുടെ അടുക്കൽ ഓരോരുത്തരു മാറാതെ വേല ചെയ്യിപ്പിക്കയും ചെയ്തിരുന്നു. യാമിന സൂക്ഷിക്കുമ്പോൾ എത്രയൊ ഞെരുക്കമായിട്ടും കിടപ്പാൻ സ്ഥലമില്ലാതെമഹാ ബുദ്ധിമുട്ടായിട്ടും കഴിച്ചതു് എങ്ങനെ എന്നു് ഓൎത്താൽ എത്രയൊ വിസ്മയം ആയിരിക്കുന്നു.

വല്യച്ചനു ശരീരസൌഖ്യം ഇല്ലാതെയും ൟയിടയിൽ മുട്ടിച്ചു പാക്കാൻ പാടില്ലാതെയും, അന്നു പ്രിയോരച്ചനു് ചെറുപ്പമാകകൊണ്ടും പുറത്തോട്ടു ഇറങ്ങി ശീലമില്ലായ്കയാലും ബേസ്റൌമ്മായിൽ പാൎത്തുകൊണ്ടു പണിനടത്തുകയും ചെയ്തിരുന്നു. ഇതിനാൽ താൻതന്നെ മഹാ പരാക്രമത്തോടെ സൎവ്വ വേലകളും അതായതു, ഉച്ചകുൎബ്ബാന, പടാത്ഥ, പാട്ടുപൂജ, റാസ മുതലായവകളും മററു പള്ളിക്കടുത്ത കൎമ്മങ്ങളും നടത്തിയിരുന്നു. വഞ്ചിയും അതിനുവേണ്ട അനുസാരികളും ഇല്ലായ്കയാൽ മഹാ ബുദ്ധിമുട്ടോടുകൂടെ എല്ലാ ഇടങ്ങളിലും ധൎമ്മത്തിന്നായി യാത്ര ചെയ്തിരുന്നു. വേലയുടെ നടപ്പിന്നു വേണ്ടി വൊറില, പാക്കു, കൂട്ടുവാനുള്ളതു, കുറെ നെല്ലു മുതലാ

marggam DIGITAL PUBLISHING www.marggam.org
www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

യതുക്രുടെയും മേടിച്ചു വരുമാറായിരുന്നു. ഇതിനാൽ ൟ പുണ്യകാൎയ്യത്തിന്റെ നടപ്പിന്നുവേണ്ടി തന്റെ അവസ്ഥയെ വിട്ടുകൊണ്ടു കാട്ടിയ എളിമയും, ക്ഷമയും അനുഭവിച്ച ബുദ്ധിമുട്ടുകളും കഴിച്ച യാത്രകളും എന്തുമാത്രമെന്നു വിവരിക്കാവതല്ല.

ഇങ്ങനെ മഹാ പ്രയാസത്തോടുകൂടെ ൟ കൊവേന്തയുടെ വടക്കോട്ടുള്ള മുറിയും തീൎത്തു് പള്ളിയുടെ പണിയും നടത്തി വരുമ്പോൾ പതൎവാദ പ്രമാണിച്ചു ശീസ്മ ഉണ്ടായ സമയം തെക്കേദിക്കുകൾക്കു ദലഗാത്തായിരുന്ന പ്രെ. ബൎന്നദീനോസു് മൂപ്പച്ചനോടുകൂടെ കൊല്ലം, കോട്ടാർ മുതലായ ദിക്കുകളിലേക്കു പോകണമെന്നു എ. പെ. വെ. ബ. പ്രംസീസ്കു് ശൌയ്യാർ മെത്രാനച്ചന്റെ കല്പന വരികയാൽ ൟ കൊവേന്തക്കാൎയ്യം സൎവ്വും നടത്തിവരുന്നതുളിനെ മാററിയാൽ ൟ വേല വീഴുമെന്നും ഇല്ലാതാകുന്നതിനുള്ള സൂത്രം ഇതായിരിക്കുന്നു എന്നും, ഇതു ശത്രുക്കളുടെ വേലയാകുന്നു വെന്നും ആകയാൽ സങ്കടം ബോധിപ്പിക്കണമെന്നും എല്ലാരും മുട്ടിച്ചാറെയും ഇതു ദൈവകല്പനയെന്നും ദൈവതിരുമനസ്സുപോലെ ആകട്ടെ എന്നും പറഞ്ഞുകൊണ്ടു യാത്രപുറപ്പെട്ടു, വലിയ യുദ്ധകാലത്തിൽ കന്യാകുമാരിവരെയും പോയി ചെയ്തവേലകളും വിരോധികളാൽ ഉണ്ടായ ഞെരുക്കങ്ങളും ബുദ്ധിമുട്ടുകളും നടന്ന വഴികളും ആയതിനാൽ തിരുസ്സഭക്കു ഉണ്ടായ ഉപകാരങ്ങളും എത്രയും അധികമായിരിക്കുന്നു. ൟ യാത്രയിൽ പടാൎത്ഥയാലും ഗുണദോഷങ്ങളാലും മററും വളരെ ജ്ഞാനപ്രയോജനം, ആയിടങ്ങളിൽ ചെയ്തതും പതൎവാദ വികാരി ആയിരുന്ന ഒരു പട്ടക്കാരൻ ളൂദവീക്കോസു് മെത്രാനച്ചൻ ആ പള്ളി എടുത്താറെ ഏതാനും ജനങ്ങളോടുകൂടെ എറണാകുളത്തു് ഇരിക്കയാൽ ആ ദേഹത്തിനു് മഹറോൻ ചൊല്ലിയാറെയും അടങ്ങാതെ ചൊല്ലിവരികയാൽ ബഹുകലാപമായി നിൎവ്വാഹമില്ലാതെ വിമ്മിഷ്ടപ്പെട്ടിരിക്കുമ്പോൾ താൻ ചെന്നു ഗുണദോഷിച്ചു, അപ്പോൾ തന്നെ ആ ദേഹത്തെ ഇറക്കി സ്വദേശത്തേക്കു് അയച്ചു. ഇങ്ങനെ പല വിശേഷ സംഗതികളും നടന്നിട്ടുണ്ടു. ഇതിനാൽ അന്നാൾ വരെയും കൊവേന്തക്കാരുടെ മേൽ സന്തോഷം കാണിക്കാതിരുന്ന പ്രംസീസ്കോസ് ശൌയ്യാർ മെത്രാപ്പോലീത്താച്ചനു ഞങ്ങളുടെ കൂട്ടത്തിന്മേലും വേലകളിന്മേലും സന്തോഷമായി.

ഏറെക്കുറെ രണ്ടു വൎഷത്തോളം ബുദ്ധിമുട്ടിയതിനാലും പ്രമേഹശരീരമായിരുന്നതിനാലും സ്ഥാനം മുഴുവനും നീങ്ങി. ആ ചടപ്പോടെ ബെസ്റൌമ്മായിൽ വന്നുചേൎന്നു. മുൻപോലെ തന്റെ ഭാരങ്ങളൊക്കെയും ചുമന്നുകൊണ്ടു കൊവേന്തചട്ടങ്ങൾ ഒന്നു് പുത്തനാക്കി. ആകാലത്തിൽ തോപ്പിലച്ചനും വന്നു. കൊവേന്തക്കായിട്ടുവന്നു് സിമ്മനാരിയിൽ പഠിച്ചുവരുന്നവരെ ആ ക്രു

DHARMARAM COLLEGE LIBRARY
BANGALORE-29

ട്ടത്തിൽ നിന്നു വേർതിരിച്ചു അവൎക്കു ചില ക്രമചട്ടങ്ങൾ കൊടുത്തു. ഇതിനാൽ ചില വിരോധങ്ങൾ ഉണ്ടാകാതിരുന്നില്ല. ഇങ്ങനെ എല്ലാകാൎയ്യങ്ങളും നടന്നു വരികയിൽ എല്ലാററിലും തന്റെ പിതാവും സഖിയുമായിരിക്കുന്ന പെ. ബ. പള്ളിപ്പുറത്തു തോമ്മാമല്പാനച്ചന് ദീനം വൎദ്ധിച്ചു, എല്ലാവരും കൂടിവേണ്ടിയതെല്ലാം നിറവേററി. കൂദാശങ്ങളും കൈക്കൊണ്ടു ൧൮൪൭-ാം കാലം മകരമാസം ൧൩-ാം മരിക്കയാൽ തന്റെ ചുമടിന്റെ ഭാരം കൂടുകയും തനിക്കു ശരീരസൌഖ്യവും ഇല്ലാതെ തീരുകയും ചെയ്തു. ഇതിനാൽ ഏററവും വ്യസനിച്ചു എങ്കിലും ദൈവതിരുമനസ്സിന്നു കീഴ്പ്പെട്ടു തന്റെ ശരണമെല്ലാം ദൈവത്തിൽവച്ചു. കവറടക്കത്തിന്നുള്ള പ്രസംഗവും താൻ പറഞ്ഞിട്ട് ബേസ്റൌമ്മായിൽ വന്നുചേൎന്നു.

അനന്തരം, പണി ഇത്രയും ഒക്കെ ആയല്ലൊ ചില വിന്നായിയാതൊന്നും ഉണ്ടായിട്ടില്ലാഞ്ഞതിനാൽ കുൎബാനസ്സായി വസ്തുവെക്കണം. അങ്ങനെ ഒരു നടപ്പു ഉണ്ടാക്കണം എന്നു പെരുമാലിൽ തരകൻ, അനുജൻ കൊച്ചുപോത്തൻ മാപ്പിള ഇവരുമായി ആലോചിക്കയാൽ അവരുതന്നെ ഒന്നാമതായി വെയ്ക്കുകയും ദൈവാനുഗ്രഹത്താൽ ആ വഴി തെളിഞ്ഞു പലരും കുൎബാനസ്സു വെയ്ക്കുകയും ചെയ്തു.

പെ. പെ. ബ. മെത്രാപ്പോലീത്താച്ചനും ഇവരുടെമേൽ പ്രിയം അധികരിച്ചു കൽദായസുറിയാനിക്കൂട്ടരത്തിന്റെ തലവന്മാരും മല്പാന്മാരും പരീക്ഷക്കാരുമെന്നു വിശേഷ താല്പൎയ്യത്താൽ ഇവൎക്കു പട്ടസ്തുതി കൊടുത്തു. ബ. കാഞ്ഞിരപ്പള്ളി ഇടവകക്കാരൻ പുത്തമ്പുരയിൽ കുഞ്ഞാക്കോ മല്പാനച്ചൻ മദ്രാസ് മുതലായ ദേശങ്ങളൊക്കെയും നടന്നു, കടശിയായി വന്നുചേൎന്നു. പ്രിയോരു ചാവറ അച്ചനും എല്ലാം കൊണ്ടും എല്ലായിടത്തും എല്ലാവരുടെ പക്കലും ശ്രുതിപെട്ടിരുന്നു. ഇദ്ദേഹം മലയാളഭാഷയിൽ പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിനു അത്യന്തം ബുദ്ധിമുട്ടി ആ വേല നടത്തി. ഇതിന്നു തോപ്പിൽ ഇക്കോച്ചൻ ഏററവും സഹായിച്ചിരുന്നു.

൧൮൪൯-ാം കാലം ബ. അച്ചൻ ശ്രു. കുൎബാനയുടെ റാസയും ചൊല്ലി പട്ടാത്ഥയും പറഞ്ഞു. പിറേറദിവസം മുതൽ പ്രമേഹം പെട്ടെന്നു വൎദ്ധിച്ചു. വൃശ്ചികമാസംവരെയും അധികഠിനമായി വൎദ്ധിച്ചിരുന്നു. ഇതിനിടയിൽ ദൈവസ്തുതിയേയും ആത്മോപകാരത്തെയും ആഗ്രഹിച്ചു തുടങ്ങിയിരിക്കുന്ന ൟ വേല ശുദ്ധ. പള്ളി കൈക്കൊണ്ടു ൟ അപേക്ഷ നിറവേററി തരണമെന്നു അപേക്ഷിച്ചുകൊണ്ടു തങ്ങളെല്ലാവരേയും ൟ സ്ഥലത്തേയും മല. വികാരി അ. ആയ ളൂദവിക്കോസ് മെത്രാനച്ചനെ ഏല്പിക്കുകയും സന്തോഷത്തോടെ ഭരമേല്പിക്കുകയും സമസ്തകാൎയ്യങ്ങളും പ്രിയോരച്ചനെ ഏല്പിക്കുകയും ചെയ്തുകൊണ്ടു മരണത്തിനു വിശേഷ ആസ്ഥാപ്പാടു കൂട്ടിയിരുന്നു. വൈദ്യനെ കാണ്മാനായി കല്ലൂൎക്കാട്ടുപോയി അ

വിടെ കുറെനാൾ താമസിക്കയിൽ ഒരു ദിവസം ധനു ൨൭-ാംനു-രാത്രിയിൽ വിശേഷാൽ വായുവിന്റെ ഇളക്കവും ക്ഷീണവും കാണുകയാൽ ക്രുലിപ്പുരയ്ക്കൽ ബ. മത്തായിക്കത്തനാരു കുമ്പസാരിപ്പിക്കുകയും യാത്രപ്രകാരമായി എന്റെ കയ്യാൽ ശുദ്ധ. കുർബാനയും എല്ലാപട്ടക്കാരും ഉണ്ടായിരിക്കെ ഒടുക്കത്തെ ഒപ്രുശുമായും കൈക്കൊണ്ടു പ്രിയോരച്ചനും സമീപമുള്ള പള്ളിക്കാരും വന്നുകണ്ടു. വൈദ്യനുമായി ആലോചിച്ചാറെ മുൻപറഞ്ഞു ബോധിച്ചിരിക്കുന്നതിൻവണ്ണം കൊവേന്തയ്ക്കു പോകുവാൻ സമയമായിരിക്കുന്നു. ചെന്നു ചേരുന്നതിനകത്തു യാതൊരു ഭയത്തിനും ഇടയില്ലാ എന്നു പറഞ്ഞു. പ്രത്യേക ദൈവസഹായത്താൽ എഴുന്നീററു പുരയുടെ വാതുക്കൽ ചെന്നു അമ്മയോടും മററും യാത്രപറഞ്ഞു ക്രമംപോലെ കയ്യും മുത്തി, യാതൊരു പകർച്ചയും കാണിക്കാതെ വഞ്ചിയിൽകയറി. അന്നേദിവസം തന്നെ ഞങ്ങളെല്ലാവരും സൌഖ്യത്തോടെ മാന്നാനത്തിൽ വന്നുചേന്നു. പിറെറദിവസം കുറെ ആശ്വാസംതോന്നി. ഒരു ദിവസം കുമ്പസാരിച്ചു ശുദ്ധ. കുർബാന കൈക്കൊണ്ടു വെന്തിഞ്ഞിന്റെ ദോഷപൊറുതി കൈക്കൊള്ളുകയും താൻ ചൊല്ലുവാനുള്ളതൊക്കെയും താൻ തന്നെ ചൊല്ലുകയും ചെയ്തു. പിന്നെ മറെറാരു ദിവസം ശുദ്ധ. കുർബാന കൈക്കൊണ്ടു സ്ലൂപ്പ്ലേശും ഇട്ടുമുട്ടിന്മേൽനിന്നുകൊണ്ടു എല്ലാവരുമായി മരണനേരത്തു ചൊല്ലുന്ന വഴിക്കാലായും അതിന്റെ അപേക്ഷകളും നിറവേററി കർത്താവിന്റെ വരവിനെ പാർത്തിരുന്നു. തന്റെ സ്നേഹിക്കപ്പെട്ട സഖി ആയ പ്രിയോരച്ചനുമായി എല്ലാ ആസ്ഥപ്പാടും ചെയ്തിരിക്കയിൽ ഏട്ടാം തീയതി വ്യാഴാഴ്ച പകൽ ഒടുക്കത്തെ യാമത്തിൽ മരണവായു തുടങ്ങി. സന്ധ്യ സമയത്തിൽ കുമ്പസാരിച്ചു. വ്യസനങ്ങൾ ഒക്കെയും എത്രയും ക്ഷമയോടെ സഹിച്ചിരുന്നു. ആ സമയത്തിന്നടുത്ത സുകൃത ജപങ്ങളും ചൊല്ലിയിരുന്നു. സ. തോപ്പിലച്ചൻ കൂടക്കൂടെ ചൊല്ലിക്കൊടുക്കയും, സമീപെ ആസ്ഥമാക്കിയിരുന്ന സ്വരൂപങ്ങളെ മുത്തുകയും സൂക്ഷിക്കകയും ചെയ്തിരുന്നു. മഹാവ്യസനമായിരിക്കുന്നു, വ്യസനം കൂടിവരുന്നു എന്നല്ലാതെ സഹിപ്പാൻ വഹിയാത്ത പ്രകാരം കാഴ്ചക്കാർക്കു തോന്നിയിരുന്നില്ല. ഒരു കൂട്ടം തനിക്കായി പള്ളിയിൽ അപേക്ഷിച്ചിരുന്നു.

ഇങ്ങനെ ഇരിക്കയിൽ എല്ലാവരും നിൽക്കയിൽ പെട്ടെന്നു താൻ ഒന്നു പകന്നു എത്ര മണി ആയി എന്നു ചോദിച്ചു. പന്ത്രണ്ടു, മണി ആയിരിക്കുന്നു എന്നു പറഞ്ഞ ഉടൻ ഞാൻ അനുഭവിക്കുന്ന സങ്കടങ്ങൾ പ്രായശ്ചിത്തമായി നിശ്ചയിച്ചുകൊണ്ടു എന്റെ ദോഷങ്ങൾ, പോക്കിക്കൊള്ളണം എന്നു പറഞ്ഞുകൊണ്ടു മുട്ടിന്മേൽ താൻ ഇരിക്കുംവണ്ണം കട്ടിലേൽ ഒരുത്തൻ താങ്ങിക്കൊണ്ടിരിക്കുമ്പോൾ കയ്യെടുത്തു ചേർച്ചയായിട്ടു കുരിശുവരച്ചു, തൂങ്ങപ്പെട്ട രൂപം

മേടിച്ചു അഞ്ചു മുറിവുകളേയും മുത്തിപ്രാത്ഥിച്ചു. ദേവമാതാവിൻെറ സ്വരൂപവും സാവധാനത്തിൽ ഭക്തിയാൽ മുത്തികൊടുത്തുടൻ തല ചായിച്ചു മിണ്ടടങ്ങി, മരണസമയം എന്നുതോന്നി ഞങ്ങളെല്ലാവരും ദോഷംപോക്കി റൂശ്മാ കൊടുത്തു. അത്രയും നേരംകൊണ്ടു മരിച്ചു. ഇത്രയും ഇട വേർതിരിവായിട്ടുണ്ടായിരുന്നു. ഇപ്രകാരം നാല്പത്താറാമത്തെ വയസ്സിൽ പരാക്രമ വേലയുടെ സമ്മാനം കൈക്കൊള്ളുവാനായി ൧൮൪൬-ാംകാലം മകരമാസം ൮-ാംനു-വ്യാഴാഴ്ച ൧൦ മണി രാത്രിയിൽ ഠരം ലോകം വിട്ടുപിരിഞ്ഞു.

പിറേറ ദിവസം ൯-ാംനു- വെള്ളിയാഴ്ച അന്നത്തെ മയ്യാദയ്ക്കുതക്കവണ്ണം ഘോഷത്തോടുകൂടെ റാസയും, ഒപ്പീസും പാടി മദബഹായുടെ അഴിക്കു താഴെ നടുവിൽ ഠരം ദേവാലയത്തിൽ ഒന്നാമതായിട്ടു, പ്രിയോരച്ചൻ മുതലായ സഹോദരരും ഏറിയപട്ടക്കാരും ശമ്മാച്ചന്മാരും ബഹുജനങ്ങളും കൂടിയിരിക്കയിൽ കൂ. കുറിയാക്കോസ് ഏലീശാ എന്നഞാൻ ശേഷക്രിയ കഴിച്ചു കവറടക്കം ചെയ്തു. മററുള്ള ക്രമങ്ങളും പതിവുപോലെ ഇവിടെ നടത്തി. ഇവിടെനിന്നായിട്ടും സ്നേഹിതരിൽ നിന്നായിട്ടും വീട്ടുകാരിൽ നിന്നായിട്ടും ഏറെക്കുറെ നാല്പത്താറു റാസചൊല്ലി. ഇതിനും പുറമെ വീട്ടുകാരുടെയും ഇടവകക്കാരുടെയും താല്പയ്യത്തിന്മേൽ മുപ്പതിൻെറ മുറയിൽ ഘോഷമായ ഒരു ശേഷക്രിയ വീട്ടിലും നടത്തി.

എന്നാൽ ഠരം ഭാഗ്യപ്പെട്ട ആത്മത്തിൽ കത്തിയെരിഞ്ഞിരുന്ന ദൈവസ്നേഹവും അതിൽനിന്നു പുറപ്പെട്ട പരസ്നേഹവും അതുവഴിയായിട്ടു ചെയ്തുവന്നിരുന്ന പരാക്രമപുണ്യജീവിതവും ദൈവസ്തുതിക്കായിട്ടും പരോപകാരത്തിന്നായിട്ടും ആരംഭിച്ച ദശ്നമഠവും ഇതിൻെറ നടപ്പിന്നായി ചെയ്ത വേലകളും, ബുദ്ധിമുട്ടുകളും, സങ്കടങ്ങളും, നടന്ന വഴികളും, ചെയ്ത അപേക്ഷകളും എന്തുമാത്രം എന്നു സംക്ഷേപിപ്പാൻ പ്രയാസം തന്നെ. എങ്കിലും അല്പമായി ചിലതുകളെ കാണിക്കുന്നു. തൻെറ തപസ്സ് പുത്തൻകുബ്ബാന ചൊല്ലിയ മുതൽ കാലത്തെ പള്ളിയിൽ പോയി കുബ്ബാന കാണുന്നു. നമസ്കാരങ്ങളും കുബ്ബാനയും കഴിഞ്ഞു കഞ്ഞികുടിക്കുമ്പോൾ ഉച്ചയായിരിക്കും. ഞായറാഴ്ച പെരുന്നാൾ ദിവസത്തിൽ കുബ്ബാനയും പടാത്ഥയും നമസ്കാരവും കഴിഞ്ഞു കഞ്ഞികുടിക്കുമ്പോൾ ഒന്നര, രണ്ടു മണിയായിരിക്കും. ഠരം കൊവേന്തക്കു കല്ലിട്ടുകൊണ്ടു് വെ. ബ. മെത്രാനച്ചനെ യാത്രയാക്കിക്കൊണ്ടു അതിരമ്പുഴ പള്ളിയിൽ പോയി കുബ്ബാന ചൊല്ലി മുട്ടിന്മേൽ നിൽക്കുന്നതിന്മേൽ വിസ്മയം തന്നെ. റാസ എങ്കിൽ മുഴുവനും പതിനഞ്ചു രഹസ്യമെങ്കിൽ അതും മുട്ടിന്മേൽ നിന്നുകൊണ്ടു എത്തിച്ചിരുന്നു. രാത്രിയിൽ എല്ലാവരും കിടന്നാലും മേശയിന്മേൽ കൈകുത്തിക്കൊണ്ടു ഏറിയനേരം നമസ്കരിച്ചിരുന്നു. ഉറക്കൊഴിച്ചിൽ സൂക്ഷിച്ചാൽ എത്രരാവു് ചെന്നു കിടക്കുന്നു.

## ക. ദി. മൂ. സഭക്കാരുടെ അടിസ്ഥാനക്കാരനും
## ഒന്നാമത്തെ പ്രിയോരുമായ ചാവറ
## പെ. ബ. കുറിയാക്കോസ് മല്പാനച്ചന്റെ
## ചരിത്രം.

(പെ. ബ. പ്രീ. കുറിയാക്കോസ് അച്ചനാൽ എഴുതപ്പെട്ടതു്.)

൧൮൭൧-ാം കാലം മകരമാസം ൩-ാംനു കാലത്തു ൭ മണിക്ക് മലയാളത്തിൽ പുത്തനായി സ്ഥാപിച്ച കർമ്മലീത്താ ദിസ്കാൽസ് മൂന്നാം സഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോരും മലയാളത്തിന്റെ മല്പാനും വികാരിജനറാളും ആയ കുറിയാക്കോസ ഏലിയാ ദ് ഇബ്രഹമ്മാ കന്തീശാ, എന്ന ഞങ്ങളുടെ പിതാവ് ആദിത്യൻ ലോകത്തിൽ ഉദിച്ചു പ്രദക്ഷണം ചെയ്തുകൊണ്ടു ഭൂമിയിൽ നിന്നു ഇരുളിനെ നീക്കി പ്രകാശം വരുത്തികൊണ്ടു അതിന്റെ ഉള്ളിൽ പൊൻ വെള്ളി മുതലായ പഞ്ചലോകങ്ങളേയും മലകളുടെ ഉള്ളിൽ വൈരം, വൈഡൂര്യം മുതലായ രത്നങ്ങളേയും കടലിൽ മുത്തു, പവിഴം മുതലായവളുകളേയും വിളയിച്ചു എല്ലാംജീവപ്രേരകൾക്കും വളച്ചയും കൊടുത്തുകൊണ്ടു അസ്തമിക്കുന്നതുപോലെ ഈ പിതാവ് ജ്ഞാനസൂര്യനായും ഈ ദേശത്തിൽ ൧൮൦൫-ാം കാലം കുംഭമാസത്തിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ അധികാരത്തിൽ ഉൾപ്പെട്ട ചേന്നങ്കരിൽ മാർ യൌസേപ്പു പിതാവിൻ പള്ളി ഇടവകയിലെ ചാവറക്കുടുംബത്തിൽ ഗുണശീലമുള്ള മാതാപിതാക്കന്മാരിൽ നിന്നു പിറന്നു.

പൈതൽ പ്രായത്തിൽ തന്നെ തമ്പുരാനും മാനുഷർക്കും പ്രസാദിപ്പാൻ തക്കവണ്ണമുള്ള എളിമയും സാധുഗുണവും അടക്കവും ഭക്തിയും ബുദ്ധിവിശേഷവും വചനസാമർത്ഥ്യവും തന്നിൽ പ്രകാശിച്ചു കാൺകയാൽ, ഈ ദേശത്തിലുണ്ടായിരിക്കുന്ന വിശേഷതകളൊക്കയും കാരണക്കാരനായി ഒരു ജ്ഞാന ദീപംപോലെ വിളങ്ങിപ്രകാശിച്ചിരുന്നു. ഞങ്ങളുടെ മുൻശ്രേഷ്ഠൻ പാലക്കൽ തോമ്മാ മല്പാനച്ചന്റെ പക്കൽ പള്ളിപ്പുറത്തു സിമ്മനാരിയിൽ പഠിപ്പിക്കുന്നതിനാക്കി. ആ സിമ്മനാരിയിലുണ്ടായിരുന്ന ക്രുട്ടരായ ശേഷം സഹോദരന്മാരൊക്കയും, അവരുതന്നെ സാക്ഷിക്കുന്നതുപോലെ, വിസ്മയിച്ചാചരിച്ചു സ്നേഹിപ്പാൻ തക്കതിന്മണ്ണം ദൈവഭക്തിയിലും, സാധുശീലത്തിലും, എളിമ, കീഴ്വഴക്കത്തിലും, സഹോദര പ്രിയത്തിലും വിശേഷ മാതൃകയായി ജീവിച്ചു. മഹാ സൂക്ഷവും കുറപ്പെട്ടത്തലും ശിക്ഷയുമുണ്ടായിരുന്ന പുത്തനായ ആ സിമ്മനാരിയിൽ ഏ

റിയ സഹോദരന്മാരോടുകൂടെ ഏറിയ കാലം ജീവിച്ചാറെയും ഒ
രു കുറാപ്പാടുണ്ടായതായിട്ടു അറിവില്ലാ. ഇതിനും പുറമെ ശരീരം ദേ
ഹത്തിന്റെ സ്വഭാവഗുണവും ഉത്സാഹവും ബുദ്ധിസാമർത്ഥ്യവും നി
മിത്തം സുറിയാനി മുതലായ പേച്ചുകൾ നല്ലവണ്ണം അഭ്യസിച്ചു.
ഇവയൊക്കെകൊണ്ടും മല്പാനച്ചനു വളരെ സ്നേഹവും സമ്മതവുമാ
യിരുന്നതിനാൽ മററു സ്ഥലങ്ങളിലും അയച്ചു പോർത്തുഗീസ്, ല
ത്തീൻ ഭാഷകളേയും പഠിപ്പിച്ചു. അക്കാലത്തിൽ പൂർവ്വംമുതൽ എ
ത്തിച്ചുവന്ന പെരുന്നാൾ നമസ്കാരവും ആണ്ടു നമസ്കാരവും മാഞ്ഞു
പോകുവാൻ തക്ക സ്ഥിതിയിലായിരുന്നു. ഇതിനാൽ പുത്തനായിട്ടു
നടത്തുവാൻ തക്കവണ്ണം മല്പാനച്ചനോടുകൂടെ പലയിടങ്ങളിൽ
നിന്നും പുസ്തകങ്ങൾ വരുത്തുകയും പ്രയാസപ്പെട്ടു എഴുതിയുണ്ടാക്ക
കയും ക്രമങ്ങളൊക്കയും അഭ്യസിക്കയും ചെയ്തിരുന്നു.

സിമ്മനാരിയിൽ പഠിച്ചിരുന്ന കാലത്തുതന്നെ അപ്പനും അമ്മ
യും ഉണ്ടായിരുന്ന ഒരു ജ്യേഷ്ഠനും മരിച്ചുപോയതിനാൽ ജ്യേഷ്ഠത്തി
യും ഒരു പെൺപൈതലുമായി വീടു ശേഷിച്ചു. ഇതിനാൽ ഉണ്ടാ
യ സങ്കടങ്ങളൊക്കയും ദൈവതിരുമനസ്സിന്നു കീഴ്പ്പെട്ടു കൊണ്ടു
സഹിക്കയും കാരണവന്മാരിൽ നിന്നു പഠിച്ചപോലെ ദേവമാതാ
വിന്നു അടിമയായി തന്നെ കയ്യാളിക്കയും മാതാവിന്റെ നേരെ വി
ശേഷ ഭക്തിക്കാരനാകയും ചെയ്തു.

തനിക്കു പതിമൂന്നു വയസ്സായിരിക്കയിൽ അക്കാലത്തിലെ വ
രാപ്പുഴ വികാരി അപ്പസ്തോലിക്കാ എ. പെ. പെ. ബ. പത്രോസ്
ദെൽകാന്തര മെത്രാനച്ചന്റെ കയ്യാലെ ആസ്തപ്പാടു ഏററു. പിന്നീ
ടു ക്രമപ്രകാരം ചെറിയ പട്ടങ്ങളും ക്രൂദാശ പട്ടങ്ങളും ഏററതി
ന്റെശേഷം ൧൮൨൯-ാം കാലം വൃശ്ചികമാസത്തിൽ എ. പെ.
പെ. ബ. വികാരി അപ്പസ്തോലിക്കായായ പ്രേ. മൌരല്യോസ് മെ
ത്രാനച്ചന്റെ കയ്യാൽ കുർബാനപ്പട്ടം ഏററു, ആ മാസത്തിൽതന്നെ
അന്നത്തെ മര്യാദപോലെ ചേന്നങ്കരിപ്പള്ളിയിൽ പുത്തൻകുർബാന
ചൊല്ലി.

പുത്തൻകുർബാന ചൊല്ലിയതിന്റെശേഷവും പള്ളിപ്പുറത്തു തോ
മ്മാ മല്പാനച്ചന്റെ ഗുണദോഷത്തിൻ പ്രകാരംനടന്നു, പല പള്ളി
കളിലും അക്കാലങ്ങളിൽ അപൂർവ്വമായിരുന്ന പടാത്ഥ പാകയും,
ആത്മരക്ഷയേക്കുറിച്ചുള്ള മറേറാരോരൊ വേലകളെ വിശേഷ താ
ല്പര്യത്തോടെ ചെയ്കയും ചെയ്യുവരികയും പുളികുന്നു ഇടവകയിൽ
ജനങ്ങളുടെ അപേക്ഷപ്രകാരം മുഴവൻധ്യാനം കഴിച്ചു. അതിന്നു
കൂടിയവർക്കൊക്കെയും വിശേഷ അലിവും ഫലവുമുണ്ടായി എന്നു ഇ
പ്പോഴും അതിന്റെ ഓർമ്മയുള്ളവർ സാക്ഷിക്കുന്നു.

മല്പാനച്ചന്റെയും പോരൂക്കര തോമ്മാ മല്പാനച്ചന്റെയും ആ
ഗ്രഹപ്രകാരം കൊവേന്തക്കു സ്ഥലം അന്വേഷിക്കുന്നതിനു പൊ

റോം മുതലായ സ്ഥലങ്ങളിൽ വളരെ ബുദ്ധിമുട്ടോടുകൂടെ സ്ഥലം അന്വെഷിക്കയും, കടശി ഏററുമാന്നൂർ പ്രവൃത്തിയിൽ മാന്നാനം കരയിൽ ഓലൻകണ്ണാമുകൾ എന്ന ഠരം കുന്നു കണ്ടെത്തി. അതിൽ പള്ളിയും വീടും വെക്കുന്നതിന്നു അനുവാദവും വന്നു. അതിന്റെശേഷം വീടു, നാടു മുതലായ ലോകപ്രപഞ്ചങ്ങളെ ഉപേക്ഷിച്ചു ധൎമ്മിരന്നു പൊതു നന്മക്കായിട്ടു ദൎശനമാവും ഉണ്ടാക്കികൊണ്ടു അതിൽ പാൎത്തു ദൈവശുശ്രൂഷയിൽ കാലം കഴിക്കണമെന്നു നിശ്ചയിച്ചു ഉറച്ചുകൊണ്ടു വെട്ടിത്തെളിച്ചു തൽക്കാലമായി ചെറുതായ ഒരു കപ്പേളയും, ചെററപ്പുരയായിട്ടു ഒരു വാസസ്ഥലവും ഉണ്ടാക്കുന്നതിന്നു ഉത്സാഹിച്ചു ദൈവസഹായത്താൽ ക്ഷണംകൊണ്ടു കപ്പേളയും * മുറിയും ഉണ്ടാക്കി. ൧൮൩൧-ാം കാലം ഉയിൎപ്പിന്റെ ശേഷമുള്ള മൂന്നാം ഞായറാഴ്ച, ശുദ്ധ. മാർ യൌസേപ്പു പിതാവിന്റെ പെരുന്നാൾ ഒന്നാമതായിട്ടു (ആയാണ്ടു അമ്പതാം പെരുന്നാളിൽ) ഘോഷിച്ചു. ആ! സൎവേശ്വരാ! അവരു ചെയ്തുവന്നിരുന്ന പ്രവൃത്തികളെ ഓക്കുമ്പോൾ ഇപ്പോൾ ഞങ്ങൾ നാണിക്കുന്നു. ഇടവിടാതെ നമസ്കരിക്കയും, ധ്യാനിക്കയും ഏറിയനേരം ഉറക്കമൊഴിഞ്ഞിരിക്കയും, കാണുന്നവരു ഭക്തിയുടെ ആധിക്യത്താൽ കരവാൻ തക്കതിന്നുണ്ണമുള്ള ഭക്തിയോടെ ദിവ്യപൂജ അണക്കയും ചെയ്തിരുന്നു. ഞായറാഴ്ച, പെരുന്നാളുകളിലും മററും, എല്ലായിടങ്ങളിലും ചെന്നുകൊണ്ടു ജ്ഞാന പ്രസംഗങ്ങളാലും, ഇടവിടാതുള്ള ഗുണദോഷങ്ങളാലും ഠരം ദേശങ്ങളെ ഇളക്കി അജ്ഞാന ഇരുളിനെ നീക്കി ദൈവവെളിവിനെ വരുത്തുകയും എത്രയും വലിയ ബുദ്ധിമുട്ടോടുകൂടെയും എളിമയോടുകൂടെയും ഓരോത്തരുടെ പക്കൽ ചെന്നു, കിട്ടുന്നതിനെ സന്തോഷത്തോടെ വാങ്ങികൊണ്ടു പണികൾ നടത്തുകയും ചെയ്തിരുന്നു.

ഇങ്ങിനെ പണികൾ ഒക്കയും നടത്തിവരുന്ന കാലത്തു എ. വെ. വെ. ബ. മെത്രാനച്ചന്റെ കല്പനയാൽ പള്ളിപ്പുറത്തു ഇടവകയിൽ വികാരിയായി പോകുന്നതിന്നു ഇടയായി. മഹാ കീഴ്‌വഴക്കത്തോടുകൂടെ മാന്നാനം വിട്ടു പള്ളിപ്പുറത്തു പോയി. ആ ജോലി ഇടവകക്കാരുടെ ആത്മഗുണത്തോടുകൂടെ എത്രയും താല്പൎയ്യമായി നടത്തിവന്നു. പള്ളിയുടെ ചെടിപ്പിന്മേലും ക്രമത്തിന്മേലും അത്യന്തം താല്പൎയ്യമായിരുന്നു. ഒരു ദിവസം, വസൂരി ദീനം മഹാ കഠിനമായി പിടിച്ച ഒരാളിനെ കാണ്മാൻ പോയപ്പോൾ അതിന്റെ യോഗ്യം കൊണ്ടെ പോകണ്ടാ എന്നു പറഞ്ഞിരുന്ന ആളുകളോടു, "ഇതെന്റെ കടം തമ്പുരാൻ എന്നെ സഹായിക്കും" എന്നുത്തരിച്ചുകൊണ്ടു പോ

* ഠരം സ്ഥലത്തു ഇപ്പോൾ ഒരു വിചിത്ര കപ്പേള പണിയപ്പെട്ടിരിക്കുന്നു.

marggam DIGITAL PUBLISHING www.marggam.org
www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

യി വേണ്ടുന്ന ക്രൂദാശകളെയും കൊടുത്തതുമല്ലാതെ നല്ല ഗുണദോഷങ്ങളെ ചൊല്ലിക്കൊടുക്കയും നല്ലമരണം പ്രാപിപ്പാൻ സഹായിക്കയും ചെയ്തു.

൧൦൦൫-ാംകാലം മേടമാസത്തിൽ പള്ളിപ്പുറത്തു വികാരിത്വം ഒഴിഞ്ഞു, ഏററം താല്പൎയ്യത്തോടുകൂടെ കൊവേന്ത പണിയുടെ വേലനടത്തി പാൎത്തുതുടങ്ങി. ഇതിന്മണ്ണം പുറമെ ആത്മാവുകളുടെ രക്ഷയെ അന്വേഷിച്ചുകൊണ്ടും നമസ്കാരവും ധ്യാനവും വഴിയായിട്ടു സ്വന്ത ആത്മഗുണം അന്വെഷിച്ചുകൊണ്ടും എത്രയും ക്രമത്തോടും ദൈവപേടിയോടും കൂടെ സന്യാസജീവിതം കഴിച്ചുവന്നിരുന്നു. ഇതിനിടയിൽ ഞങ്ങളുടെ ഒന്നാമത്തെ ശ്രേഷ്ഠനും ക. ദി. മ്ലൂ. സഭയുടെ ഒന്നാമത്തെ സ്ഥാപകനുമായ പാലക്കൽ തോമ്മാമല്പാനച്ചൻ ൧൦൧൬-ാംകാലം മകരമാസം ൧൫-ാം൹-യും രണ്ടാമത്തെ ശ്രേഷ്ഠനും സ്ഥാപകനുമായ പോരൂക്കരെ തോമ്മാ മല്പാനച്ചൻ ൧൦൨൧-ാംകാലം മകരം ൮-ാം൹-യും തുടങ്ങിയ വേലകളുടെ പൂൎത്തികൾ കാണ്മാൻ ഇടവരാതെ ചെയ്ത വേലകളുടെ സമ്മാനം കൈക്കൊള്ളുന്നതിനായി ദൈവത്തിൻ പക്കൽ പോയി. ഇവരിരുവരും പ്രിയോരച്ചനെ എല്ലാം ഏല്പിച്ചുകൊണ്ടത്രെ മരിച്ചതു. അവരുടെ ചരിത്രം പ്രിയോരച്ചൻ തന്നെ എഴുതിയിട്ടുണ്ടു. ഈ വന്ദ്യ പിതാക്കളുടെ മരണത്താലും, ആരംഭിച്ചു നടത്തിവന്നിരുന്ന ഭാരപ്പെട്ട ഈ ചുമടു തന്റെ മേൽ വന്നിരുന്നതിനാലും എത്രയും വ്യാകുലപ്പെട്ടു എങ്കിലും, തന്റെ ഏറിക്കപ്പെട്ട എളിമയാൽ ദൈവത്തിന്മേലും, മാതാവിന്റെയും യൌസേപ്പുപിതാവിന്റെയും മദ്ധ്യസ്ഥത്തിന്മേലും ഉറച്ചുകൊണ്ടു, സ്വാഭാവികമായി തനിക്കുണ്ടായിരുന്ന സാധുഗുണത്തോടുകൂടെ തന്റെ മുന്നോരുടെ പിന്നടിയിൽ അവരുടെ ചുമടുംകൊണ്ടു നടപ്പാൻ തുടങ്ങിയാറെ ഈശോവശ്ലേഹാൻ പറഞ്ഞൊപ്പിന്റെ നാട്ടിൽ ചെന്നുചേൎന്നപോലെ, ജനസമ്മതവും വേണ്ടിയ ശരീര സൌഖ്യവും ഉള്ളവരായിട്ടും കൊവേന്തക്കായി പഠിച്ചു വന്നിരുന്നവരായിട്ടും പുറമെ നിന്നുചേൎന്നവരായിട്ടും വേണ്ടിയ സഹോദരരു സഹായക്കാരരായി ഉണ്ടായി. എല്ലായിടങ്ങളിലും നടന്നു ധ്യാനം കഴിക്കയും പ്രസംഗിക്കയും ചെയ്തുവന്നിരുന്നു. ഇതിനാൽ ജ്ഞാനവെളിവു എല്ലായിടത്തും ഉണ്ടായതുമല്ലാതെ പണിക്കു വേണ്ടിയമുതൽ ധൎമ്മമിരന്നു ലഭിച്ചു.

ഈ ദിക്കിലുള്ള അറിവു കുറഞ്ഞ ആളുകളുടെ ആത്മോപകാരത്തിന്നായി മുന്നേ താൻ ആരംഭിച്ചിരുന്ന വേല നിറവേറുന്നതിന്നു വേണ്ടി, ഈ ദിക്കിൽ കോട്ടയത്തു പ്രോട്ടസ്റ്റാണ്ടുകാൎക്കല്ലാതെ മാറാൎക്കും അച്ചുക്കൂടമില്ലാതിരിക്കയും അവിടെയുള്ള പണികൾ നോക്കി കണ്ടു മനസ്സിലാക്കുന്നതിനു അത്യന്തം പ്രയാസപ്പെട്ടിട്ടും സാധിക്കാതെയും വന്നുവെങ്കിലും, തന്റെ അസാമാന്യ ബുദ്ധിസാമൎത്ഥ്യത്താലും

മഹാത്മ്യതയാലും അച്ചടിവേലയും നടപ്പാക്കി.

തൻെറ മുന്നോരുടെ ആഗ്രഹത്തിനും അപേക്ഷയ്ക്കും തക്കവണ്ണം റേഗുള ന്യായപ്രമാണം ശുദ്ധ. പള്ളിയുടെ ക്രമത്തിനൊത്തവണ്ണം, ഉണ്ടാക്കി ഒരു സഭയെ ഉറപ്പിച്ചു തരുന്നതിനായി പലപ്പോഴും പലപ്രകാരത്തിലും മേല്പട്ടക്കാരുടെ പക്കൽ അപേക്ഷിച്ചു. അക്കാലത്തിൽ വാരാപ്പുഴ വാണിരുന്ന പ്രെ. ബർണ്ണർദീനോസ് ദേസാന്ത് ത്രേസ്യാ എന്ന മെത്രാപ്പോലീത്താച്ചൻ ബേസ്റവുമ്മായുടെ ഒരു ക്രൂട്ടം വഴിയായി ഉണ്ടാകുന്ന ദൈവസ്തുതിയും ആത്മോപകാരവും കണ്ടു, പൂർണ്ണസന്തോഷമായി. ദൈവശുശ്രൂഷയിൽ കാലം കഴിപ്പാൻ ആസ്തമായി ക്രൂടിയിരിക്കുന്ന ഞങ്ങൾക്കു പള്ളിയുടെ മർയ്യാദപോലെ ഒരു ജീവിതക്രമം തന്നു നടത്തണമെന്നു അപേക്ഷിക്കയാൽ സന്തോഷത്തോടെ കൈക്കൊണ്ടു കർമ്മലസഭയുടെ "പൂവ് റേഗുള" ദേശാവസ്ഥയ്ക്കു തക്കവണ്ണം പകർത്തി ക്രമപ്പെടുത്തി തന്നു. ൧൮൫൫-ാംകാലം ധനുവമാസം ൮-ാംനു അമലോത്ഭവ ദേവമാതാവിൻെറ തിരുനാൾ ദിവസത്തിൽ കുറിയാക്കോസ് മല്പാനച്ചനും മറ്റു പത്തു പട്ടക്കാരും മന്നാനത്തു കൊവേന്തയിൽ വച്ചു റേഗുള ന്യായപ്രമാണം കൈക്കൊണ്ടു, അതിൻപ്രകാരം പറഞ്ഞൊപ്പുചെയ്തു. കുറിയാക്കോസ മല്പാനച്ചനെ പ്രിയൊരായി നിയമിക്കയും, ഇവരുടെ സഭയ്ക്കു കർമ്മലീത്താ ദിസ്കാൽസ് മൂന്നാം സഭ എന്ന നാമം നൽകുകയും ചെയ്തു. ഇങ്ങനെ ദൈവ സഹായത്തിന്മേൽ ശരണപ്പെട്ടു കന്യാസ്ത്രീകളാൽ തുടങ്ങിയ ഒരു വേല ൧൮൬൬-ാംവഷ്ത്തിൽ ഒരു പിതാവു വഴിയായി പൂർത്തിയായി.

ഇതിൻെറശേഷം തമ്പുരാൻെറ വീടായിരിക്കുന്ന കൊവേന്തയിലെ അടക്കമുള്ള ജീവിതത്താലും തമ്പുരാൻെറ തിരുവചനമെന്നുള്ള റേഗുള, ന്യായപ്രമാണങ്ങളുടെ സൂക്ഷമുള്ള കാപ്പാലും എളിമ, കീഴ്‌വഴക്കം, ദൈവസ്നേഹം, പരസ്നേഹം മുതലായ പുണ്യങ്ങളാലും പുണ്യസാംഗോപാംഗത്തിൻെറ ഉച്ചിയിൽ പറക്കയും ഉത്തമപുണ്യദൃഷ്ടാന്തങ്ങളാലും ഗുണദോഷങ്ങളാലും ശേഷംപേരേയും പുണ്യവഴിയിൽ ഉത്സാഹിപ്പിക്കയുംചെയ്തിരുന്നു. ഇതിനും പുറമെ മെത്രാപ്പോലീത്താച്ചൻെറയും മററു മൂപ്പച്ചന്മാരുടെയും സഹായത്താലും കൂനമ്മാവുകൽ രണ്ടാമതായും, വാഴക്കുളത്തു മൂന്നാമതായും, എൽത്തുരുത്തിൽ നാലാമതായും, പുളിങ്കുന്നിൽ അഞ്ചാമതായും, അമ്പഴക്കാട്ടു ആറാമതായും ആറു കൊവേന്തകൾ ഉണ്ടാകയും ആയവകളിൽ പുണ്യത്തിലും അറിവിലും അറിയിപ്പിലും ആത്മരക്ഷയിലുള്ള ശുഷ്കാന്തിയിലും ഭരിപ്പിലും ശ്രുതിപെട്ട അനേക സന്ന്യാസികളും പുത്തൻ സന്ന്യാസികളും ഉണ്ടാകയും ചെയ്തു.

തിരുവചനത്താലെ ഇട്ട വലയിൽ അകപ്പെട്ട മത്സ്യത്തിൻെറ പെരുപ്പത്താൽ വലിച്ചെടുപ്പാൻ പാടില്ലായ്കയാൽ ക്രൂട്ടരെ സഹാ

യത്തിനു വിളിച്ചതുപോലെ, ഈ സഹോദരന്മാര് ആയിരവും രണ്ടായിരവും അയ്യായിരവും അതിലധികവും ജനങ്ങളുള്ള ഇടവകകളിൽ ചെന്നു മേല്പട്ടക്കാരന്റെ കല്പനയാൽ ചെയ്തുവരുന്ന ധ്യാനത്താലും, പടാത്ത വേദോപദേശങ്ങളാലും, കുമ്പസാരത്താലും നരകപിശാചിന്റെ രാജ്യഭാരത്തെ മുഴുവനും നിർമ്മൂലമാക്കി നിത്യായുസ്സിനായി മാനുഷരെ വീശി എടുത്തിരുന്നു. ഇതിനാലുണ്ടായ ദൈവസ്തുതിയും ആത്മരക്ഷയും മേല്പട്ടക്കാരും വികാരിമാരും ഇടവകക്കാരും കണ്ടു സന്തോഷിക്കയും ദൈവത്തിന്നു ഉപകാരസ്മരണ ചെയ്കയും, ഈ നന്മകളുടെ അധിക വൎദ്ധിപ്പിനുവേണ്ടി പല സ്ഥലങ്ങളിലും കൊവേന്തകളുണ്ടാകുന്നതിനു അപേക്ഷിക്കയും ചെന്നുകാണുകയും ആലോചിക്കയും ആരംഭിക്കയും ചെയ്യുന്നു.

൧൮൬൧-ാം കാലം ഒമ്പതാം പീയൂസെന്ന ശുദ്ധ. മാപ്പാപ്പായുടെ യാതോരധികാരവും കൂടാതെ തോമ്മാ എന്നു പേരു ധരിച്ചുകൊണ്ടു റോക്കോസ് എന്നു പേരുള്ള ഒരു സുറിയാനി മെത്രാൻ വഗ്ദാദിൽനിന്നും മലയാളത്തു വന്നു. പ്രിയോരച്ചൻ ശീസ്മ മെത്രാന്റെയും മററു പലരുടെയും വിളികളും അപേക്ഷകളും അവരു ചെയ്യുമെന്നു പറഞ്ഞിരുന്ന മറുതലകളും കൂട്ടാക്കാതെ ചൊവ്വുള്ള മേല്പട്ടക്കാരനു കീഴ്വഴങ്ങി നിലനിന്നു. ആ കൊടുങ്കാററുള്ള കാലങ്ങളിൽ സുറിയാനിപ്പള്ളികളുടെ വികാരി ജനറാളെന്നുള്ള ഉയൎന്ന സ്ഥാനവും പ്രിയോരച്ചനു നല്കി. അക്കാലത്തിൽ ശീസ്മയുടെ പാതാളത്തിൽ വീഴാതിരിപ്പാൻ എത്രയോ ആളുകളെ സഹായിച്ചു എന്നും എത്രയോ പള്ളികളെ ശീസ്മയിൽനിന്നു തന്റെ ജനസമ്മതത്താലും, വാഗ് വൈഭവത്താലും, പുണ്യസ്ഥിരതയാലും രക്ഷിച്ചുവെന്നും ആ കാലത്തിന്റെ ഓൎമ്മയുള്ളവരൊക്കയും വേണ്ടുംവണ്ണം ഗ്രഹിച്ചിരിക്കുന്ന സത്യമായിരിക്കുന്നു. ജലപ്രളയത്തിൽ നോഹിന്റെ പെട്ടകം ഇല്ലായിരുന്നു എന്നു വരികിൽ യാതോരു മനുഷ്യരും രക്ഷപെടാതിരുന്നേനെ എന്നപോലെ പ്രിയോരച്ചനും ഈ സഭയും ഇല്ലായിരുന്നു എന്നു വരികിൽ, എല്ലാ സുറിയാനി പള്ളികളും ശീസ്മയിൽ ഉൾപ്പെട്ടുപോകുമായിരുന്നേനെ എന്നു ന്യായത്തോടുകൂടെ വിചാരിക്കാവുന്നതായിരിക്കുന്നു. ഈ സംഗതികളൊക്കയും ഭാഗ്യമായി വാഴുന്ന ൯-ാം പീയൂസെന്ന ശുദ്ധ. മാപ്പാപ്പാ കേട്ടു അത്യന്തം സന്തോഷിക്കയും ഒരു തിരുവെഴുത്തു പ്രിയോരച്ചന്റെ പേൎക്ക എഴുതി അയച്ചു.

സുറിയാനി നമസ്കാരപ്പുസ്തകം ഓരോരൊ പള്ളികളിൽ പല വിധമായിട്ടും പല വ്യത്യാസമായിട്ടും നടപ്പായിരിക്കയാൽ എല്ലായിടത്തും ഒന്നിപ്പും ഒരു ക്രമവും ഉണ്ടാകുവാൻവേണ്ടി നമ്മുടെ പ്രിയോരച്ചൻ ഏ. പെ. പെ. ബ. വികാരി അപ്പസ്തോലിക്കായുടെ കല്പന പ്രകാരം പലയിടത്തിൽ നിന്നും ഇവിടെനിന്നും പൂവ്പുസ്തകങ്ങ

marggam
DIGITAL PUBLISHING
www.marggam.org



ളൊക്കയും അന്വേഷിച്ചു വരുത്തുകയും പല മല്പാനച്ചന്മാരെയും കൂട്ടമായി കൂനമ്മാവുങ്കൽ കൂട്ടുകയും വ്യത്യാസങ്ങളൊക്കയും തീൎക്കയും ചെയ്തതിന്റെ ശേഷം എത്രയും പ്രയാസത്തോടുകൂടെ ഇദ്ദേഹത്തിന്റെ കയ്യെഴുത്താലെ തന്നെ വെടിപ്പായിട്ടും ക്രമമായിട്ടും നമസ്കാരപ്പുസ്തകം മുഴുവനും എഴുതിയുണ്ടാക്കി.

തുക്കാസാ എന്ന സുറിയാനി ക്രമപ്പുസ്തകവും എഴുതിയുണ്ടാക്കി. സുറിയാനിക്രമ പഞ്ചാംഗവും താൻതന്നെ ഉണ്ടാക്കി കല്പനപ്രകാരം ഇവിടെ അച്ചടിച്ചു നടത്തി. ഇതുകൂടാതെ മൂന്നു പട്ടക്കാരുടെ തപസ്സു കുൎബ്ബാനയുടേയും ബേസ്പര എന്ന പാട്ടുറംശായുടെയും മരിച്ചവരേക്കുറിച്ചുള്ള അന്നീദായുടേയും മററും പല ക്രമങ്ങളും എത്രയും വിവേകത്തോടുകൂടെ എഴുതിയുണ്ടാക്കയും ചെയ്തുമല്ലാതെ പരോപകാരത്തിനുവേണ്ടി മലയാളഭാഷയിൽ പല പദ്യങ്ങളും കവിതകളും കൊവേന്തയുടെ നാളാഗമവും ഇതിന്റെ അടിസ്ഥാനക്കാരായിരിക്കുന്ന രണ്ടു പിതാക്കളുടെ ചരിത്രവും റോക്കോസ് മെത്രാനാൽ ഉണ്ടായ ശീശ്മകാലത്തിലെ സംഭവങ്ങളും എഴുതി ഉണ്ടാക്കയും ചെയ്തു.

൧൦൪൧-ാംകാലം മേല്പട്ടക്കാരന്റെ കല്പനക്കു നല്ല മനസ്സോടെ കീഴ്‌വഴങ്ങി. താൻ ചെറുപ്പം മുതൽ മുൻ പറഞ്ഞിരിക്കുന്നതുപോലെ താൻ പണിയിച്ചു ഭരിച്ചു നടത്തി ഏറിയ ഗുണങ്ങൾ ചെയ്തിരുന്ന മാന്നാനത്തിൽനിന്നു കൂനമ്മാവു കൊവേന്തയിൽ പോയി പാൎത്തു. അവിടെവച്ചു പ്രത്യേകമായിട്ടു മലയാളത്തിലെ പെൺപൈതങ്ങൾക്കു ഒരു പുണ്യ സങ്കേതമായി വേദകാൎയ്യങ്ങളെ പഠിക്കുന്നതിന്നും നല്ലക്രിസ്ത്യാനിപൈതങ്ങളായിട്ടു വളരുന്നതിന്നും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്നു ആഗ്രഹിച്ചു, സൎവ്വശക്തനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു, അതിന്നുള്ള അടിസ്ഥാനക്കാരായിട്ടു ആസ്തമായിരുന്നവരെ കൈക്കൊണ്ടു, തൽക്കാലം പരമ്പുകൊണ്ടു വീടുണ്ടാക്കി പാൎപ്പിച്ചു. അതിന്റെ ശേഷം, അത്ഭുതമെ! എട്ടുമാസത്തിന്റെ ഇടകൊണ്ടു എണ്ണായിരം രൂപാവരെയും പലവഴിയായി ധൎമ്മം വരുത്തി കന്യാസ്ത്രീമഠവും അതിന്നു വേണ്ടുന്നതൊക്കയും ഉണ്ടാക്കി അതിൽ അവരെ പാൎപ്പിക്കയും അവരുടെ അടക്കജീവിതവും പുണ്യവും കണ്ടു സന്തോഷിച്ചു അവരെ പറഞ്ഞൊപ്പു ചെയ്യിക്കയും, കടശി ശുദ്ധ. കുൎബ്ബാന അവരുടെ കപ്പേളയിൽ സ്ഥാപിക്കയും ചെയ്തു. യാക്കോപിതാവു കടശി പുത്രനായ ബെന്യാമിനെ അധികം സ്നേഹിച്ചതുപോലെ അവരെ ഏററമായി സ്നേഹിക്കയും തള്ള മക്കളെ വളൎത്തുന്നതുപോലെ അവരെ വളൎത്തി പരിപാലിച്ചുവരികയും ചെയ്തുവന്നിരുന്നു. സഹോദരപ്രിയമെന്ന പുണ്യത്താലെ തന്റെ ജന്മദേശമായ ചേന്നങ്കരിയിൽ ഒരു ധൎമ്മശാല ഉണ്ടാക്കയും അതിൽ പാവപ്പെട്ടവരെ പാൎപ്പിക്കയും "നൽമരണസഭ" എ

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ന്ന സഹോദര കൂട്ടത്തെയും അതിലുള്ള ക്രമചട്ടങ്ങളെയും അവക്ക കൊടുത്തു നടത്തിവരികയും ചെയ്തു.

റോമ്മയിൽ നിന്ന കാനോനാ നമസ്കാരപ്പുസ്തകം, അന്നത്തെ കാലസ്ഥിതിക്ക അച്ചടിച്ചുവരുവാൻ പ്രയാസമെന്ന കണ്ട, കൂനമ്മാവുങ്കൽ അടിപ്പിക്കാമെന്ന നിശ്ചയിച്ച പുസ്തക വിലയായിട്ട പട്ടക്കാരിൽ നിന്നും ശെമ്മാച്ചന്മാരിൽ നിന്നും പണം മുമ്പേറായിട്ട വാങ്ങിച്ചതിനാലും മാന്നാനത്തിൽ നിന്നുള്ള സഹായത്താലും അച്ചിടെയും സുറിയാനി, മലയാഴ്മ, ലത്തീൻ അച്ചടിപ്പുണ്ടാക്കിക്കൊണ്ട മസ്മോറാ അടിപ്പിക്കയും, നമസ്കാരം അടിപ്പിക്കുന്നതിനുള്ള അനുവാദത്തിന്ന കാത്തിരിക്കയും ചെയ്തു. ഈ ദേഹത്തിൻ ജീവിതകാലം മുഴുവനിലും ശുദ്ധ. കുർബാനയുടെമേലുള്ള ഭക്തി ശോഭിച്ചുവിളങ്ങിയിരുന്നു. കുർബാന ചൊല്ലുന്ന നേരത്തിൽ മഹാ സൂക്ഷവും ഭക്തിയും അടക്കവുമായി. എത്രയും ഉയരപ്പെട്ട ഠരം കൂദാശയുടെ നേരെ എത്രയോ വണക്കവും വിശ്വാസവുമായിരുന്നാവെന്ന കാണുന്നവൎക്കൊക്കെയും ബോദ്ധ്യമായ കാൎയ്യമായിരുന്നു. ക്രമം പോലെയുള്ള വിസീത്തയല്ലാതെ ദിവസവും ഏറിയനേരം ശുദ്ധ. കുർബാനയുടെ തിരുമുമ്പാകെ മുട്ടുകുത്തി എത്രയും എരിവോടുകൂടെ നമസ്കരിച്ചുവന്നിരുന്നു. പരിശുദ്ധ ദേവമാതാവിന്റെ നേരെ മകനടുത്ത പ്രിയവും, സ്നേഹവുമായി കൂടക്കൂടെ തന്റെ സ്തുതികളെ പറകയും കാണുന്നവരുടെ ഹൃദയത്തിൽ ഠരം വിശേഷ ഭക്തിയെ പതിപ്പാൻ പ്രയാസപ്പെടുകയും ചെയ്തിരുന്നു.

എന്നാൽ കുറെനാളായിട്ട തന്റെ മരണം അടുത്തിരിക്കുന്നവെന്നുള്ള ഒരു വിശേഷ അറിവാൽ എല്ലായ്പ്പോഴും നല്ലമരണത്തിന്നു ആസ്ഥപ്പാട ചെയ്തിരുന്നു. തനിക്ക മഹാ ക്ഷീണമായി, കുർബാന കഴിഞ്ഞു തന്റെ മുറിയിൽ ചെന്നുചേരുവാൻകൂടെയും പ്രയാസമായിരുന്നു എങ്കിലും മഹാ ധൈൎയ്യത്തോടെയും ഭക്തിക്കടുത്ത എരിവോടെയും നിത്യവും ദിവ്യപൂജ കാലത്തു ൭ മണിക്കു അണച്ചിരുന്നു.

മരണത്തിന്മേൽ കൂടെക്കൂടെ വിചാരമായിരുന്നു. ആ ഭങ്കരപ്പെട്ട നേരത്തിലുണ്ടാകുന്ന പരിഭ്രമങ്ങളും പരീക്ഷകളും ജയിക്കുന്നതിന്നു അമ്മയെന്നു വിളിച്ചിരുന്ന ദൈവമാതാവിന്റെ അനുഗ്രഹവും ദയയും ഓൎക്കകയും എത്രയും ഭക്തിയും സ്നേഹവുമായി വന്ദിച്ചിരുന്ന യൌസേപ്പു പുണ്യപിതാവിന്റെ മദ്ധ്യസ്ഥവും സഹായവും വിചാരിക്കയും ചെയ്യുമ്പോൾ എത്രയും ശരണവും തെളിവുമായി സന്തോഷിച്ചിരുന്നു. ഠരം തന്റെ ഉള്ളിലുള്ള ഭക്തിയും സ്നേഹവും നന്ദിവിചാരങ്ങളും പുറത്താക്കി തന്റെ ആത്മാശ്വാസത്തിനും ഭക്തിക്കുമായി ഒടുക്കത്തെ ദീനം പിടിക്കുന്നതിന്നു കുറെമുമ്പു ആത്മാനുതാപമെന്നു പേരായിട്ടുള്ള തന്റെ ദിവ്യവിചാരങ്ങളെ പാട്ടായിട്ടു ഒരു ചെറിയ പുസ്തകം എഴുതിയുണ്ടാക്കി. ഇതിനിടയിൽ നമസ്കാരം അച്ചടി

www.marggam.org
marggam DIGITAL PUBLISHING
www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

 പ്പിക്കുന്നതിനുള്ള അനുവാദങ്ങളും മററും റോമ്മായിൽനിന്നു വന്നതിനാൽ വളരെ സന്തോഷിച്ചു ദൈവത്തിന്നു ഉപകാരസ്മരണ ചെയ്തു.

൧൮൭൦-ാം കാലം ദീനം കൂടുതലായി. എത്രയും മാണിക്യമുള്ള ആയുസ്സിനെ കാക്കുന്നതിനു പല വിധമായിട്ടു പലരാൽ പ്രയാസപ്പെട്ടുവെങ്കിലും ദൈവ തിരുമനസ്സു ഉടനെ ചെയ്തു വേലയ്ക്കു സമ്മാനം കൊടുക്കണമെന്നായിരുന്നു. ആകയാൽ മൂന്നു മാസത്തേക്കു ദീനത്തിന്റെ ദുഃഖങ്ങളും മുഴുവനായ കാഴ്ചക്കേടും മഹാ ക്ഷമയോടും സന്തോഷത്തോടും കൂടെ സഹിച്ചു മേലാൽ തന്റെ ജ്ഞാന മക്കളായിരിക്കുന്ന എല്ലാ കൊവേന്തകളിലുമുള്ള സന്ന്യാസികളുടെ അറിവിന്നും നിത്യസൂക്ഷത്തിന്നുമായി അനേക താല്പൎയ്യങ്ങളടങ്ങിയിരിക്കുന്ന മരണപത്രിക മുമ്പിനാൽ തന്റെകയ്യാലെ എഴുതി കയ്യൊപ്പുവച്ചു, മരണത്തിന്റെശേഷം പെ. ബ. ലേപ്പോൾദ് മൂപ്പച്ചന്റെ പക്കൽ കൊടുക്കുന്നതിനായി തന്റെ ദിനത്തിൽ ചിറാഴ്ച ചെയ്തിരുന്ന പുതു സ. ആഹാ. ലേപ്പോൾദിന്റെ പക്കൽ ഏല്പിച്ചു.

പെ. ബ. പീലിപ്പോസ് മൂപ്പച്ചനോടു ഒടുക്കത്തെ കുമ്പസാരവും കഴിച്ചു ആ ദേഹത്തിന്റെ കയ്യാൽ ശുദ്ധ. കുമ്പാന കൈക്കൊണ്ടു. ൧൮൭൧-ാംകാലം മകരമാസം ൨-ാംനു തിങ്കളാഴ്ച മൂന്നു മണിസമയത്തു പെ. ബ. കൂനമ്മാവു വികാരി യൌസേപ്പച്ചന്റെ കയ്യാൽ നല്ല ഭക്തിയോടെ ഒടുക്കത്തെ ഒപ്രുശ്മായും ദോഷപൊറുതികളും കൈക്കൊണ്ടു എത്രയും വിശേഷമായ ഭക്തിക്കടുത്ത വചനങ്ങളും നല്ലഗുണദോഷങ്ങളുംചൊല്ലി മുഴുവൻ ബോധഅറിവോടും, സമാധാനത്തോടുംകൂടെ ൧൮൭൧-ാംകാലം മകരമാസം ൩-ാംനു-കാലത്തു ഏഴരമണിക്കു കൂനമ്മാവു കൊവേന്തയിൽ തന്റെ മക്കളുടെ കൈകളിൽ ദൈവസമാധാനത്തിൽ മരിച്ചു.

പിറേറദിവസം കുറിയാക്കോസ് ഏലീശാ അച്ചൻ ശവസംസ്കാര കൎമ്മം നടത്തി, യൌസേപ്പു ത്രേസ്യാച്ചൻ റാസപാടി, കാപ്പിലച്ചൻ പ്രസംഗം പറഞ്ഞു. ഏറിയ പട്ടക്കാരും ജനങ്ങളും ഈ കൎമ്മത്തിന്നു കൂടിയിരുന്നു. അടക്കിയതു പള്ളിയുടെ മദ്ബഹായുടെ അഴിക്കു താഴെ മദ്ധ്യസ്ഥലത്താണ്.

ഈ ദേഹത്തിന്റെ അവശിഷ്ടങ്ങൾ കൂനമ്മാവുങ്കൽ നിന്നും മാന്നാനത്തു കൊണ്ടുവന്നു ൧൮൮൯ മെയി ൨൪-ാംനു വെള്ളിയാഴ്ച കാലത്തു എട്ടുമണിക്കു, ആഘോഷമായ റാസ, ഒപ്പീസു ഈ തിരുകൎമ്മങ്ങളും, സന്ദൎഭോചിതമായ ഒരു പ്രസംഗവും കഴിച്ചു മാന്നാനത്തു ആശ്രമ ദേവാലയത്തിന്റെ മദ്ബഹായുടെ അഴിക്കു താഴെ തെക്കു വശത്തു ആഘോഷമായി സംസ്കരിക്കപ്പെട്ടു. ഈ സന്ദൎഭത്തിൽ, എല്ലാ കൊവേന്തകളുടെയും ശ്രേഷ്ഠന്മാരും, പല സന്ന്യാസ പ

marggam DIGITAL PUBLISHING www.marggam.org



ട്ടക്കാരും ൨൦ ഓളം ഇടവകപ്പട്ടക്കാരും വളരെ ജനങ്ങളും കൂടിയിരുന്നു.

ഇദ്ദേഹത്തിന്റെ വിശേഷമായ മരണം ആഗ്രഹിക്കുന്ന നാം അങ്ങെ വിശേഷമായ ജീവിതം കണ്ടു പഠിക്കാൻ പ്രയാസപ്പെടുക.

സമാപ്തം.

www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

# അനുക്രമണിക.

## സഭാപിതാക്കളുടെ ചരിത്രം.

| | | പക്ഷം. |
|---|---|---|
| ൧. | മലയാളത്തിൽ ക. ദി. മ്മ. സഭയുടെ അടിസ്ഥാനക്കാരിൽ ഒന്നാമനായ പള്ളിപ്പുറത്തു പള്ളി ഇടവകക്കാൻ പാലയ്ക്കൽ പെ. ബ. തോമ്മാ മല്പാനച്ചന്റെ ചരിത്രം. | ൧ |
| ൨. | ക. ദി. മ്മ. സഭയുടെ അടിസ്ഥാനക്കാരനും രണ്ടാമത്തെ ശ്രേഷ്ഠനുമായ കല്ലൂക്കാട്ടു പള്ളി ഇടവകക്കാരൻ പോരൂക്കരെ പെ. ബ. തോമ്മാ മല്പാനച്ചന്റെ ചരിത്രം. | ൧൨ |
| ൩. | ക. ദി. മ്മ. സഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോരുമായ ചാവറ പെ. ബ. കുറിയാക്കോസ് മല്പാനച്ചന്റെ ചരിത്രം. | ൨൯ |

Printed and Published for the Proprieter,
by. A. P. Mani.
at. st. Joseph's Press,
Mannanam.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org